First forty days of Discipleship - 1
Quiet time series - Malayalam

# ശിഷ്യത്വത്തിന്റെ ആദ്യത്തെ നാല്പതു ദിനങ്ങൾ - 1
## പ്രാർത്ഥനാ സമയ സഹായി

അഭിനന്ദനങ്ങൾ!

ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തീരുമാനമാണ് നിങ്ങളെടുത്തത് - ക്രിസ്തുവിന്റെ ശിഷ്യനായിരുന്ന് ദൈവശുശ്രൂഷ ചെയ്യുകയെന്ന തീരുമാനം. ദൈവം നിങ്ങളെ സൃഷ്ടിച്ചതുതന്നെ ഈ ഒരു കാര്യത്തിനുവേണ്ടിയായിരുന്നു. ഇപ്പോഴാകട്ടെ ഒരു ദൈവപൈതലെന്ന നിലയിൽ നിങ്ങളുടെ ജീവിതം സമാരംഭിക്കുകയും ചെയ്തിരിക്കുന്നു.

*പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുകയെന്നതാണ്* (എഫേസ്യർ 6:11) ഇപ്പോൾ നിങ്ങളുടെ മുന്നിലുള്ള പുതിയ വെല്ലുവിളി. സ്നാനം കഴിഞ്ഞയുടനെയുള്ള നാല്പതു ദിനങ്ങൾ ക്രിസ്തുവിന് പരീക്ഷയുടെ നാളുകളായിരുന്നു. അതുപോലെതന്നെ, നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ ഈതുടക്കസമയത്തും നിങ്ങൾക്കെതിരായ തന്റെ കടന്നാക്രമണങ്ങളുമായി സാത്താൻ ഉടൻ പ്രത്യക്ഷനാകും. നിങ്ങളുടെ ആത്മീയ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ദിവസങ്ങളും ഒരു പക്ഷേ കടന്നുവരുന്ന ഈ നാല്പതു ദിനങ്ങൾതന്നേ ആയിരിക്കാം. സാത്താനെ നേരിടുന്നതെങ്ങിനെയെന്ന് യേശുവിനറിയാമായിരുന്നു - *ആത്മാവിന്റെ വാളായ ദൈവവചനം* ഉപയോഗിച്ചുകൊണ്ട് (എഫേസ്യർ 6:17).

ദൈവവുമായുള്ള നിങ്ങളുടെ ബന്ധം കരുത്തുറ്റതാകാൻ വേണ്ടി വചനത്തെ എപ്രകാരം ഉപയോഗിക്കണമെന്നു പഠിക്കാനും വാളിനു മൂർച്ചകൂട്ടുവാനും ഇപ്പോൾ സമയമായിരിക്കുന്നു. ഇത്രത്തോളം എത്തിച്ചേരാനായി അനേകർ നിങ്ങളിലേക്കിറങ്ങിവന്നു സഹായിച്ചു. മറ്റുശിഷ്യരുമായി അടുത്തബന്ധം പുലർത്തുന്നവരായിത്തന്നെ നിങ്ങൾ തുടരണം. മാത്രമല്ല, ദൈവവചനത്തിനു കാതോർത്തും വചനത്തിലൂടെ കേൾക്കുന്ന അവിടുത്തെ ശബ്ദം അനുസരിച്ചും അവനോടൊത്തുചേർന്നു നടന്നും അവനുമാത്രം നല്കാൻ കഴിയുന്ന ശക്തി കണ്ടെത്തി അവനിൽ കരുത്തരാകേണ്ടതുമുണ്ട്.

ഈ കൈപുസ്തകം ഉപയോഗിക്കുന്നതിനായി കുറച്ചു പ്രായോഗിക നിർദ്ദേശങ്ങൾ ഇവിടെ നല്കുന്നു:

1. ഒരു നോട്ടുപുസ്തകം ഉപയോഗിക്കുക: വായിക്കുന്നവയുടെ ഭൂരിഭാഗവും നാം ഓർത്തുവയ്ക്കണമെന്നില്ല, എന്നാൽ അതു കുറിച്ചുവയ്ക്കുമ്പോൾ കൂടുതലായി നമുക്ക് ഓർക്കാൻ കഴിയും.
2. സ്ഥിരതയോടെ ഇതു വായിക്കുക: തിരഞ്ഞെടുത്ത ഒരു സ്ഥലത്തും, ഒരുക്കപ്പെട്ട ഒരു സമയത്തുമായി സ്ഥിരതയോടെ ഈ നാല്പതു ദിവസങ്ങളിൽ നിങ്ങളുടെ പ്രാർത്ഥനാസമയം ചിലവഴിക്കുകയാണെങ്കിൽ, ഒരു ആത്മീയശീലമായി അതു രൂപപ്പെടാനും ഇടയാകും.
3. സർഗ്ഗശേഷി ഉപയോഗിക്കുക: പ്രാർത്ഥനാസമയം എല്ലാ ദിവസവും ഒരു തനിയാവർത്തനമായി തീരാതിരിക്കാൻ ശ്രദ്ധിക്കുക. നിങ്ങൾ വായിക്കുന്നതിലും, പ്രാർത്ഥിക്കുന്നതിലും, ഇവകളുടെ ക്രമത്തിലും, കൂടുതൽ പ്രാർത്ഥനാസമയസഹായികൾ ഉപയോഗിക്കുന്നതിലുമെല്ലാം വ്യത്യസ്തത പുലർത്തുക.

പേര്: ഒപ്പ്:

തീയതി:

ഒന്നാം ദിവസം: (തീയതി: )

## പൂർണ്ണമായും രക്ഷിക്കപ്പെട്ടു

– ക്രിസ്തുവിൽ സ്നാനപ്പെട്ടതിലൂടെ ദൈവം നിങ്ങൾക്കായി ചെയ്തത് എത്ര ആശ്ചര്യകരമായ കാര്യങ്ങളാണ്!

### കൊലോസ്യർ 1:21–23

1. സ്നാനദിവസത്തിനുമുമ്പ് ദൈവവുമായി നിങ്ങൾക്കുണ്ടായിരുന്ന ബന്ധം എപ്രകാരമുള്ളതായിരുന്നു?

2. ദൈവത്തിന്റെ ശത്രുവായിത്തീരുന്നതരത്തിൽ നിങ്ങൾ ചെയ്തുകൂട്ടിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു?

3. വിശുദ്ധരും നിഷ്കളങ്കരും അനിന്ദ്യരുമാവുക എന്നതിന്റെ അർത്ഥമെന്താണ്?

4. രക്ഷിക്കപ്പെട്ട അവസ്ഥയിൽ തന്നെ തുടരുന്നതിനായി നാം ആയിരിക്കേണ്ട അവസ്ഥ/വ്യവസ്ഥ ഏതാണ്? (വാക്യം 23 നോക്കുക)

### 1 യോഹന്നാൻ 3:1–4

1. ഒരു ദൈവപൈതൽ എന്ന നിലയിൽ നമുക്കുണ്ടായിരിക്കേണ്ട മനോഭാവം എന്താണ്?

2. നിങ്ങളെത്തന്നെ എപ്രകാരം ശുദ്ധീകരിക്കാം?

### എബ്രായർ 9:24–28/എബ്രായർ 10:19–23

1. യേശുവിന്റെ ജീവാർപ്പണം നിങ്ങൾക്കു നേട്ടമായത് എങ്ങനെ?

2. നിർമ്മലമായ ഒരു ഹൃദയത്തോടെ ദൈവത്തോടടുക്കാൻ നിങ്ങൾക്ക് എപ്രകാരം കഴിയും?

### സങ്കീർത്തനം 103:1–5

1. നിങ്ങളുടെ പാപത്തെ ദൈവം എന്തു ചെയ്തു?

2. ദൈവം നിങ്ങൾക്കായി ചെയ്ത മറ്റ് ഉപകാരങ്ങൾ എതൊക്കെയാണ്? (വാക്യം 2)

**പ്രായോഗിക നിർദ്ദേശം:** ദൈവത്തെ സ്തുതിക്കുക, നിങ്ങളെ രക്ഷിച്ചതിനു നന്ദികരേറ്റുക. ഒരു നന്ദി പ്രാർത്ഥന എഴുതിയുണ്ടാക്കുക. പിന്നീട് എപ്പോഴെങ്കിലും എടുത്തു വായിക്കാൻ തക്കവണ്ണം വിശേഷപ്പെട്ട ഒരിടത്ത് അതു സൂക്ഷിക്കുക.

രണ്ടാം ദിവസം: (തീയതി: )

## പരീക്ഷയും പ്രലോഭനവും

### മത്തായി 3:16–4:11

1. തന്റെ സ്നാനശേഷം യേശുവിന് സംഭവിച്ചതെന്താണ്? നിങ്ങളുടെ സ്നാനശേഷം നിങ്ങൾക്കു പ്രതീക്ഷിക്കാവുന്നതോ?

2. ദൈവവുമായുള്ള തന്റെ ബന്ധത്തെ ചോദ്യം ചെയ്യുന്ന പരീക്ഷ ഏതായിരുന്നു യേശുവിന്? ദൈവത്തിനു തനിക്കുവേണ്ടിയുള്ള പദ്ധതികളെ ചോദ്യം ചെയ്യുന്നതോ?

3. സംശയത്താലോ അപകർഷതയാലോ ഭയത്താലോ സാത്താൻ നിങ്ങളെ ഏതുവിധേനയൊക്കെയാണ് സ്നാനശേഷം പരീക്ഷിച്ചത്?

4. പ്രലോഭനങ്ങളെ നേരിടുവാനായി യേശു വചനത്തെ ഏതു രീതിയിലാണ് ഉപയോഗിച്ചത്? സാത്താന്റെ നുണകളെ വചനം എത്രമാത്രം മറനീക്കി കാണിക്കുന്നു?

എഫേസ്യർ 6:10–18
1. നിങ്ങൾക്കെതിരെ സാത്താൻ ഒരുക്കാൻ പോകുന്ന കെണികൾ ഏതൊക്കെയാകാം?

2. നിങ്ങളെ ശക്തീകരിക്കാനായി ദൈവം നല്കിയിരിക്കുന്ന പടച്ചട്ട എന്തൊക്കെയാണ്?

3. സാത്താനെതിരെ ഉപയോഗിക്കാനായി നിങ്ങളുടെ കൈവശം തന്നിട്ടുള്ള ഏക ആയുധം ഏതാണ്?

പ്രായോഗിക നിർദ്ദേശം: പരീക്ഷകൾ പ്രതീക്ഷിക്കുക. നിങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചു തുറന്നു സംസാരിക്കാൻ ഒരു തീരുമാനവുമെടുക്കുക. നിങ്ങളുടെ പ്രലോഭനങ്ങളെക്കുറിച്ച് മറ്റൊരു ശിഷ്യനുമായി തുറന്നു സംസാരിച്ചിട്ട് ഒരുമിച്ചു പ്രാർത്ഥിക്കുക.

മൂന്നാം ദിവസം: (തീയതി: )

## വളരുന്ന വേരുകൾ

ലൂക്കോസ് 8:13
1. വേരുകൾ വളരാത്ത യുവശിഷ്യർക്ക് എന്തു സംഭവിക്കും?

അപ്പ 2:41–47/അപ്പ 4:32–37
2. ഈ യുവശിഷ്യരെ വിശ്വസ്തരായി നിലനിൽക്കാൻ സഹായിച്ച കാര്യങ്ങൾ എന്തൊക്കെയായികുന്നു?

2. ഇവർ മുഴുകിയിരുന്ന കാര്യങ്ങളിൽ നിങ്ങളും മുഴുകിയിരിക്കുന്നുണ്ടോ?

3. സഭയിലെ ബന്ധങ്ങളെ എപ്രകാരം ആഴത്തിലാക്കാൻ കഴിയും?

തെസ്സലോനിക്യർ 1:2–10
1. ആഴത്തിലുള്ള ബോധ്യമുണ്ടാവുക എന്നാൽ എന്താണ്? എപ്രകാരം അതു വളർത്താൻ കഴിയും?

2. ആരെയാണ് നാം അനുകരിക്കേണ്ടത്? ഏതൊക്കെ രീതിയിൽ?

3. മറ്റുള്ളവർക്ക് ഒരു മാതൃകയാകാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ? ഏതൊക്കെരീതിയിൽ?

പ്രായോഗിക നിർദ്ദേശം: നിങ്ങൾക്ക് അനുകരിക്കാൻ കഴിയുന്നവരും നിങ്ങളെ പ്രചോദിപ്പിക്കുന്നവരും നിങ്ങൾക്കു പഠിക്കാൻ കഴിയുന്നവരുമായ ശിഷ്യരുമായി ചിലവഴിക്കാൻ ഈ ആഴ്ചയിൽത്തന്നെ സമയം കണ്ടെത്തുക.

നാലാം ദിവസം: (തീയതി: )

## പ്രാർത്ഥിക്കാൻ പഠിക്കുക

ലൂക്കോസ് 11:1–13
1. നാം പഠിച്ചെടുക്കേണ്ട ഒരു കാര്യമാണ് പ്രാർത്ഥന എന്നു പറയാൻ കാരണമെന്താണ്? ഇതിനായി ആരുടെ സഹായമാണ് നിങ്ങൾ തേടുന്നത്?

2. (വാ 2–4): ദൈവത്തിന്റെ നാമത്തെ ഏതൊക്കെരീതിയിൽ സ്തുതിക്കാം? ദൈവസഭയുടെ വളർച്ചയ്ക്കായി നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ടോ? മറ്റുള്ളവരോടു പൊറുക്കുകയും സ്വന്തം പാപങ്ങളുടെ പൊറുതിക്കായി പ്രാർത്ഥിക്കുകയും അനുദിന ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടോ? പ്രലോഭനങ്ങളിൽ വീഴാതിരിക്കാനും തക്ക സഹായം ലഭിക്കാനും വേണ്ടി പ്രാർത്ഥിക്കുന്നുണ്ടോ?

3. 5–13 വാക്യങ്ങളിൽ നിന്നും പ്രാർത്ഥനയെക്കുറിച്ചു നിങ്ങൾ മനസ്സിലാക്കണമെന്ന് യേശു ആഗ്രഹിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

പ്രാർത്ഥനയിൽ വളരുവാനായി ലളിതമായ ഒരു രൂപരേഖ താഴെ നല്കുന്നു:

A C T S
A-Adoration (സ്തുതി),
C-Confession (പാപം ഏറ്റുപറയൽ),
T-Thanks giving (നന്ദി കരേറ്റൽ),
S-Specific requests (ആവശ്യങ്ങളുടെ യാചന)

- ഓരോ വിഭാഗത്തിലും പത്തുമിനുട്ട് ചിലവഴിച്ചാൽ നാല്പതു മിനുട്ട് ശക്തമായി പ്രാർത്ഥിക്കാനാകും.
- ദൈവത്തെ സ്തുതിക്കാൻ സങ്കീർത്തനങ്ങളിൽ നിന്നും പഠിക്കാൻ കഴിയും.

### ഫിലിപ്പിയർ 4:6-7

1. എന്തിനെക്കുറിച്ചൊക്കെ നിങ്ങൾ പ്രാർത്ഥിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്?

2. ദൈവകരങ്ങളിൽ ഭരമേല്പിക്കാനായി ഇന്നു നിങ്ങൾക്കുള്ള ആകുലതകൾ എന്തൊക്കെയാണ്?

3. ദൈവത്തെ ഭരമേൽപ്പിച്ചുകഴിഞ്ഞപ്പോൾ നിങ്ങൾക്കു ഹൃദയസമാധാനം അനുഭവിക്കാൻ കഴിയുന്നുണ്ടോ? ദൈവം കരുതുമെന്ന കാര്യത്തിൽ ആശങ്കവേണ്ട!!!

പ്രായോഗിക നിർദ്ദേശം: കർത്താവു പഠിപ്പിച്ച രീതിയിലോ അല്ലെങ്കിൽ A C T S രീതിയിലോ പ്രാർത്ഥിക്കുക. നിങ്ങൾക്കുള്ള അപേക്ഷകൾ ചുവടെ എഴുതിവയ്ക്കുക, ദൈവം അവയ്ക്കൊക്കെ മറുപടി നൽകുന്നതു നോക്കി കാണുക.

അപേക്ഷകൾ:

അഞ്ചാം ദിവസം: (തീയതി: )

## ദൈവകൃപ

### റോമർ 5:6-11

1. ഏതൊക്കെരീതിയിൽ നിങ്ങൾ ബലഹീനരായിരുന്നു?

2. ദൈവത്തിനു നിങ്ങളോടുള്ള സ്നേഹാധിക്യത്തിന്റെ തെളിവെന്താണ്?

### തീത്തൂസ് 3:3-8/തീത്തുസ് 2:11-14

1. നമ്മുടെ പഴയകാലജീവിതത്തെ സംബന്ധിച്ച് നാം ഓർക്കേണ്ട കാര്യങ്ങൾ ഏവയാണ്?

2. പാപപ്പൊറുതി നേടിയെടുക്കാൻ യോഗ്യരാക്കപ്പെടുന്ന രീതിയിൽ നാം എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

3. ദൈവകൃപയോടു നമുക്കുള്ള പ്രതികരണം എന്തായിരിക്കണം?

4. ആത്മനിയന്ത്രണവും സല്പ്രവർത്തികൾക്കുള്ള ഉത്സാഹവും ഉള്ളവരായിരിക്കുന്നതെങ്ങനെയാണെന്നു വിശദീകരിക്കുക.

### 1 കൊരിന്ത്യർ 15:9-10/1 തിമോത്തി 1:7-12

1. പൗലോസ് ദൈവത്തോടു തനിക്കുള്ള നന്ദികരേറ്റിയത് എപ്രകാരമാണ്?

പ്രായോഗിക നിർദ്ദേശം: ദൈവം നിങ്ങൾക്ക് ആത്മരക്ഷ നല്കിയതിനുള്ള നന്ദി കരേറ്റാനുള്ള മൂന്നുവഴികൾ എഴുതുക, ഇന്നു തന്നെ അവ പ്രാവർത്തികമാക്കുക.

1.
2.
3.

ആറാം ദിവസം: (തീയതി: )

## അടക്കിവയ്ക്കാനാവാത്തത്

2 രാജാക്കന്മാർ 7:3–11

1. സ്നാനത്തിനു മുമ്പ് നിങ്ങളുടെ അവസ്ഥയും ഈ നാലു കുഷ്ഠരോഗികളുടേതിനു സമമായിരുന്നോ – വിശന്നുവലഞ്ഞും, പ്രത്യാശയില്ലാതെയും?

2. നിലയ്ക്കാത്ത ഒരു സദ്യയോടു ദൈവരാജ്യത്തിനു സമാനത കല്പിക്കാവുന്നതെങ്ങനെയൊക്കെയാണ്?

3. ഒരു ശിഷ്യന്റെ ജീവിതത്തിൽ ഒൻപതാം വാക്യത്തിന് എത്ര പ്രാധാന്യമാണുള്ളത്? നിങ്ങളുടെ മനോഭാവമെങ്ങനെയുള്ളതാണ്?

റോമർ 10:1–4/14–21

1. നഷ്ടാത്മാക്കളെപ്രതി പൗലോസിനുണ്ടായിരുന്നതുപോലൊരു വികാരം നിങ്ങൾക്കുമുണ്ടോ?

2. പ്രഘോഷിക്കാനായി ദൈവം ആരെയാണ് അയക്കുന്നത്?

3. എല്ലാമനുഷ്യരും സുവിശേഷം സ്വീകരിക്കുമോ? എന്തുകൊണ്ട്?

4. തിരിച്ചുകിട്ടുന്ന പ്രതികരണം എന്തു തന്നെയായാലും പ്രഘോഷണം തുടരേണ്ടത് എന്തുകൊണ്ട്?

സങ്കീർത്തനം 116:1–14

കർത്താവു നിങ്ങളോടു കാണിച്ച നന്മകളോടെല്ലാം പ്രതിനന്മകാണിക്കാൻ എങ്ങനെയൊക്കെ കഴിയും?

പ്രായോഗിക നിർദ്ദേശം: സുവിശേഷം പങ്കുവയ്ക്കുന്നതിൽ ഒരു ലക്ഷ്യം വിശ്വാസത്തോടെ മനസ്സിൽ കുറിക്കുക. ഒരിക്കലും തളരാതിരിക്കുക!

ലക്ഷ്യം:

ഏഴാം ദിവസം: (തീയതി: )

## ദൈവത്തിന്റെ കുടുംബം

മർക്കോസ് 3:31–33

1. തന്റെ ഭൗതികകുടുംബവും ആത്മീകകുടുംബവും തമ്മിൽ ഒരു വേർതിരിവ് യേശുവിനു കാണിക്കേണ്ടിവന്നത് എന്തുകൊണ്ടാണ്?

2. നിങ്ങൾക്ക് ഇന്ന് ഏറ്റവും അടുപ്പമുള്ളയാളുകൾ ആരൊക്കെയാണ്? എന്തുകൊണ്ടാണ് അപ്രകാരമുള്ളവരെ നിങ്ങൾക്കു തിരഞ്ഞെടുക്കേണ്ടി വരുന്നത്? ആത്മീകകുടുംബത്തെയാണോ യഥാർത്ഥത്തിൽ നിങ്ങൾ കുടുംബമായി കാണുന്നത്?

1 പത്രോസ് 1:22

1. എന്താണു നിർമ്മലമായ സ്നേഹം? ഹൃദയത്തിൽനിന്നും ആഴമായി സ്നേഹിക്കാൻ എങ്ങനെ കഴിയും?

2. ഇത്രയധികം നിങ്ങൾ സ്നേഹിച്ച ആരെങ്കിലും മുമ്പുണ്ടായിട്ടുണ്ടോ? ശിഷ്യന്മാരോടുള്ള സ്നേഹത്തിൽ എപ്രകാരം കുടുതൽ വളരാം?

2 കൊരിന്ത്യർ 5:16–17

1. ലോകത്തിലുള്ള ആളുകളെ നിങ്ങൾ കണ്ടിരുന്ന ലൗകീക രീതികൾ എന്തൊക്കെയാണ്?

2. ആ കാഴ്ചപ്പാടിൽ ഇനി വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയാണ്? (വ്യക്തമായ ഉത്തരങ്ങൾ എഴുതുക)

## 1 തിമോത്തി 5:1–12

1. നിങ്ങളുടെ ജീവിതത്തിൽ ആത്മീയ പിതാവും മാതാവും സഹോദരനും സഹോദരിയും ആകാൻ പറ്റുന്നവർ മിനിസ്ട്രിയിൽ ആരൊക്കെയാണ്?

**പ്രായോഗിക നിർദ്ദേശം:** ഇതുവരെ കാര്യമായി സമയം ചിലവഴിക്കാത്ത രണ്ടുപേരുമായി ഈയാഴ്ചയിൽ സമയം ചിലവഴിക്കാൻ പദ്ധതി ഉണ്ടാക്കുക.

| | | |
|---|---|---|
| 1. വ്യക്തി: | തീയതി: | സമയം: |
| 2. വ്യക്തി: | തീയതി: | സമയം: |

എട്ടാം ദിവസം: (തീയതി: )

# മഹത്വമേറിയ പ്രത്യാശ

## 1 കൊരിന്ത്യർ 15:19

1. ക്രിസ്തുവിലുള്ള പ്രത്യാശയ്ക്ക് ഈ ഭൂമിയിലും ഉപരിയായുള്ള സ്ഥാനമുള്ളത് എന്തുകൊണ്ടാണ്?

2. നിത്യജീവിതം ഇല്ലെങ്കിൽ നമ്മൾ ദയനീയരാകുന്നു എന്നു പറയുന്നത് എന്തുകൊണ്ട്?

## 1 കൊരിന്ത്യർ 15:42–58

1. എന്തു രഹസ്യമാണ് പൗലോസ് നമ്മോടു പറയുന്നത്? (വാക്യം 51)

2. സാധാരണഗതിയിൽ നാം മരണത്തെ ഭയപ്പെടുന്നത് എന്തുകൊണ്ടാണ്? ഇനി എന്തുകൊണ്ട് മരണത്തെ ഭയപ്പെടേണ്ടതില്ല?

3. കർത്താവിനു വേണ്ടി നാം ജോലിചെയ്യേണ്ടത് എന്തിനാണ്? കർത്താവിനുവേണ്ടി നമ്മെ പൂർണ്ണമായി ഏല്പിച്ചുകൊടുക്കുമ്പോൾ എന്തു സംഭവിക്കും?

## കൊലോസ്യർ 3:1–4

1. ക്രിസ്തുവിനോടുകൂടെ നാം ഉയിർപ്പിക്കപ്പെട്ടത് എപ്പോഴാണ്?

2. ഇനിമുതൽ നമ്മുടെ മനോഭാവം എന്തായിരിക്കണം?

3. ഇനിമേലിൽ ചിന്തിക്കേണ്ടാത്ത കാര്യങ്ങൾ എന്തൊക്കെയാണ്?

**പ്രായോഗിക നിർദ്ദേശങ്ങൾ:** സ്വർഗ്ഗത്തെക്കുറിച്ച് കുറച്ചുനേരം ചിന്തിച്ചുനോക്കുക! സ്വർഗ്ഗത്തിന്റെ അവകാശിയായി ദൈവം നമ്മെ തിരഞ്ഞെടുത്തതിനെക്കുറിച്ചോർത്ത് അനുദിനം നന്ദിപറയുക!

ഒൻപതാം ദിവസം: (തീയതി: )

# വിവിധ പരീക്ഷകൾ

## യാക്കോബ് 1:2–8

1. പരീക്ഷകളിലൂടെ കടന്നുപോകുവാൻ ദൈവം നമ്മെ അനുവദിക്കുന്നതെന്തിനാണ്?

2. പരീക്ഷകളിലൂടെ കടന്നുപോകുന്ന സമയത്ത് നമുക്കുണ്ടാകേണ്ട മനോഭാവമെന്താണ്?

3. ജീവിതത്തിൽ ഇപ്പോൾ നിങ്ങൾ നേരിടുന്ന പരീക്ഷകൾ എന്തൊക്കെയാണ്?

## യാക്കോബ് 1:12–15

1. പരീക്ഷകളെ സഹിഷ്ണുതാമനോഭാവത്തോടെ നേരിടുവാനും ജയം കൈവരിക്കുവാനും എപ്രകാരം കഴിയും?

2. പ്രലോഭനങ്ങളുടെ ഉറവിടം ആരാണ്? എന്തൊക്കെ കാര്യങ്ങളാണ് നിങ്ങളെ പ്രലോഭിപ്പിക്കുന്നത്?

3. നിങ്ങളുടെ പ്രലോഭനങ്ങളെപ്പറ്റി ദൈവത്തോടും മറ്റു സഹോദരങ്ങളോടും സംസാരിക്കുന്നുണ്ടോ?

### 1 പത്രോസ് 1:3–9

1. പരീക്ഷകളിൽ നാം സന്തോഷിക്കേണ്ടത് എന്തുകൊണ്ടാണ്?

2. നിങ്ങളുടെ വിശ്വാസം യഥാർത്ഥമായതാണ് എന്ന് എപ്രകാരം അറിയുവാൻ കഴിയും?

3. നിങ്ങളുടെ ജീവിതത്തിലേക്കു കടന്നുവരാൻ സാദ്ധ്യതയുള്ള ചില പരീക്ഷകൾ എന്തായിരിക്കുമെന്ന് എഴുതുക (സാമ്പത്തികമായും, ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയും, എതിർപ്പുകളുടെ രൂപത്തിലുമെല്ലാം...) പിന്നീടു വന്നേക്കാവുന്ന പരീക്ഷകളെ നേരിടുവാനായി ഇന്ന് എപ്രകാരം ഒരുങ്ങുവാൻ സാധിക്കും?

1.

2.

3.

പ്രായോഗിക നിർദ്ദേശം: നിങ്ങൾ നേരിടുന്ന പരീക്ഷകളെയും പ്രലോഭനങ്ങളെയും കുറിച്ച് മറ്റൊരു ശിഷ്യനുമായി പങ്കുവയ്ക്കുക. അവയെപ്രതി നിങ്ങൾക്കുള്ള മനോഭാവത്തെക്കുറിച്ച് വിശകലനം ചെയ്യുക. സന്തോഷിക്കുക!

ശിഷ്യൻ:
പങ്കുവച്ച സംഗതി:

പത്താം ദിവസം: (തീയതി: )

## യേശുവിന്റേതുപോലുള്ള പ്രാർത്ഥന

### മർക്കോസ് 1:32–39

1. പ്രാർത്ഥിക്കാൻ അവസരമൊരുക്കേണ്ടതിന് യേശു ചെയ്ത ത്യാഗങ്ങൾ എന്തൊക്കെയാകും? തൊട്ടുമുന്നിലത്തെ അവന്റെ ദിവസത്തെക്കുറിച്ച് ഓർക്കുക. എന്തൊക്കെ ഒഴികഴിവുകൾ നിരത്താൻ യേശുവിനു കഴിയുമായിരുന്നു?

2. പ്രാർത്ഥിക്കാനുള്ള ആവേശം നിങ്ങളിൽ ഉണ്ടാകുന്നത് എപ്പോഴാണ്? പ്രാർത്ഥിക്കാതിരിക്കാൻ എന്തെങ്കിലും ഒഴികഴിവു നിങ്ങൾ കണ്ടെത്തുന്നുണ്ടോ?

3. കഴിഞ്ഞ പത്തു ദിവസങ്ങളിലെ നിങ്ങളുടെ പ്രാർത്ഥനയെ എപ്രകാരം വിലയിരുത്താനാകും?

### എബ്രായർ 5:7–10

1. യേശുവിന്റെ പ്രാർത്ഥനാജീവിതം എപ്രകാരമുള്ളതായിരുന്നു?

2. ക്രൂശിലേക്കു പോകുന്നതു കൂടാതെ, മറ്റെന്തൊക്കെ കാര്യങ്ങളായിരിക്കാം യേശുവിനു ബുദ്ധിമുട്ടായി ഉണ്ടാകാമായിരുന്നത്?

3. ഒരു ശിഷ്യനെന്ന നിലയിൽ നിങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്?

4. അനുസരണയുള്ള ഒരാളായി തീരാനായി നിങ്ങൾ ഉറച്ച നിലവിളിയോടും കണ്ണീരോടും കൂടെ ദൈവത്തോടു യാചിക്കുന്നുണ്ടോ?

5. നിങ്ങളുടെ ജീവിതത്തിലെ ഏതൊക്കെ സാഹചര്യങ്ങളെപ്രതിയാണ് നിങ്ങൾ കൂടുതൽ പ്രാർത്ഥനയിൽ ജാഗരിക്കേണ്ടത്? യഥാർത്ഥമായ കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.

**പ്രായോഗിക നിർദ്ദേശം:** നിങ്ങൾ എഴുതിയ പട്ടികയിലൂടെ പ്രാർത്ഥിക്കാനായി ഇന്നു സമയം കണ്ടെത്തുക. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക. ദൈവത്തോടു മുഖാമുഖം സംസാരിക്കുന്നു എന്നപോലെ ഉറക്കെ പ്രാർത്ഥിക്കുക. ഇക്കാര്യങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ വികാരങ്ങൾ പങ്കുവയ്ക്കുക, എന്താണ് പ്രയാസങ്ങൾ എന്നും എന്തു കൊണ്ടാണ് അതൊരു പ്രയാസഘട്ടമാകുന്നത് എന്നും പങ്കുവയ്ക്കുക. ദൈവത്തിന്റെ മുന്നിൽ യാഥാർത്ഥ്യബോധത്തോടെ തുറന്നു സംസാരിക്കുന്നത് വേഗത്തിൽ മാറ്റം വരുത്താൻ സഹായകമാകും.

പ്രാർത്ഥനാ പട്ടിക:

പതിനൊന്നാം ദിവസം: (തീയതി: )

# സത്യത്തോടു പറ്റിച്ചേരുക

### 2 തിമോത്തി 2:14–19

1. ചിലയാളുകൾ വാക്കുകളെക്കുറിച്ചു തർക്കിക്കുകയും തങ്ങളുടെ ആശയങ്ങൾ മറ്റുള്ളവരുടെയിടയിൽ രഹസ്യമായി പ്രചരിപ്പിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? വാക്കുകളെക്കുറിച്ചു നിങ്ങൾ തർക്കത്തിൽ ഏർപ്പെട്ടിട്ടുണ്ടോ? മറ്റു ശിഷ്യന്മാരുമായി ഇത്തരം കാര്യങ്ങൾ ചർച്ചചെയ്തിട്ടുണ്ടോ?

2. അംഗീകാരയോഗ്യതയുള്ള ഒരു ജോലിക്കാരനായി മാറാൻ എപ്രകാരം പരിശീലനം എടുക്കണം?

3. ദൈവവചനത്തെയോ/സഭയെയോ/മറ്റുശിഷ്യന്മാരെയോ സംബന്ധിച്ച് അർത്ഥശൂന്യമായതോ അല്ലങ്കിൽ ഉപദ്രവകരമായതോ ആയ ഒരു ചർച്ചയിൽ നിങ്ങൾ അടുത്തിടെയെങ്ങാൻ ഉൾപ്പെട്ടിട്ടുണ്ടോ?

4. ദൈവരഹിതമായ ഒരു സംസാരത്തിൽ നിന്നും എപ്രകാരം ഒഴിവാകാം?

### 1 തിമോത്തി 1:18–20

1. ഒരു നല്ലഓട്ടം ഓടാൻ നിങ്ങൾക്കെങ്ങിനെ കഴിയും?

2. ഒരു ശിഷ്യൻ തന്റെ വിശ്വാസക്കപ്പൽ തകർക്കുന്ന വഴികൾ ഏതൊക്കെയാണ്?

3. ഹുമനയോസിനെയും (2 തിമോത്തി 2:17–18), അലക്സാണ്ടറിനെയും (2 തിമോത്തി 4:14–15) ഓർക്കുക:
- വിശ്വാസത്തിൽ നിന്നും ഇടറിപ്പോകുന്ന ആളുകൾക്ക് എന്താണു സംഭവിക്കുക?

- മറ്റുള്ളവരിൽ അവർ എപ്രകാരമാണ് ഹാനിയുണ്ടാക്കാൻ ശ്രമിക്കുന്നത്?

### 1 തിമോത്തി 4:15–16

1. നിങ്ങളുടെ ജീവിതവും (ശിഷ്യനെന്ന നിലയിൽ), നിങ്ങളുടെ വിശ്വാസവും (വചനത്തെക്കുറിച്ചുള്ള ഗ്രാഹ്യത്തിൽ) അനുദിനം നിങ്ങൾ നിരീക്ഷിക്കുന്നുണ്ടോ?

2. നിങ്ങളിലെ മാറ്റം മറ്റുള്ളുവർക്കു കാണാനാകുന്നുണ്ടോ?

### 2 തിമോത്തി 2:22–26

നിങ്ങളെ എതിർക്കുന്നവരോടു നിങ്ങൾക്കുണ്ടാകേണ്ട മനോഭാവമെന്താണ്?

**പ്രായോഗിക നിർദ്ദേശം:** നിങ്ങൾക്കു മനസ്സിലാകാൻ ബുദ്ധിമുട്ടു തോന്നുന്ന എന്തെങ്കിലും കാര്യങ്ങൾ വചനത്തെക്കുറിച്ചോ സഭയെക്കുറിച്ചോ ഉണ്ടെങ്കിൽ നിങ്ങളുടെ ശിഷ്യത്വപങ്കാളിയുമായി അവ പങ്കുവച്ച് ഉപദേശം തേടുക.

ചോദ്യം:

ലഭിച്ച ഉത്തരം:

പന്ത്രണ്ടാം ദിവസം: (തീയതി: )

## നന്മകൾ ചെയ്യുന്നത്

### എഫേസ്യർ 2:10

1. എന്തു ചെയ്യാനാണ് ദൈവം നമ്മെ സൃഷ്ടിച്ചത്?

2. നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന നല്ല പ്രവർത്തികളുടെ ഒരു പട്ടിക എഴുതിയുണ്ടാക്കുക

### 1 പത്രോസ് 4:8–11

1. എപ്രകാരമാണ് സ്നേഹം അനേക തിന്മകളെ മൂടിക്കളയുന്നത്?

2. മറ്റു ശിഷ്യന്മാർക്ക് നിങ്ങൾ ആതിഥ്യമരുളുന്നുണ്ടോ?

3. ഇക്കാര്യത്തിൽ ഏതൊക്കെ രീതിയിൽ മാറ്റം വരുത്താം?

4. മറ്റുവർക്കു നല്കുന്നവരാകണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് എന്തുകൊണ്ടായിരിക്കാം?

### ഗലാത്യർ 6:9–10

1. ആരെയൊക്കെയാണു നാം സഹായിക്കേണ്ടത്?

2. നിങ്ങളുടെ കുടുംബകൂട്ടത്തിൽ (ഫാമിലിഗ്രൂപ്പ്) വിശേഷാൽ സഹായമർഹിക്കുന്ന ആരെങ്കിലുമുണ്ടോ? നിങ്ങൾക്ക് അവരെ എപ്രകാരം സഹായിക്കാൻ കഴിയും?

പ്രായോഗിക നിർദ്ദേശം: എന്തെങ്കിലും ആവശ്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഈ ആഴ്ചതന്നെ അതു നിറവേറ്റുക. എന്തുചെയ്യണമെന്ന് അറിയില്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ഉപദേശം ആരായുക.

ഓർക്കുക: നാം പരസ്പരം കടപ്പെട്ടവരാണ്, നാം ഒരു കുടുംബമാണ്.

നിറവേറ്റിക്കൊടുത്ത ആവശ്യങ്ങൾ:

പതിമൂന്നാം ദിവസം: (തീയതി: )

## ശുശ്രൂഷചെയ്യാനായി രക്ഷിക്കപ്പെട്ടവർ

### മത്തായി 25:31–46

1. അവസാനനാളിൽ നമ്മെ ന്യായം വിധിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലായിരിക്കും?

2. ഭിക്ഷയാചിക്കുന്ന ഒരാൾക്കു പണം മാത്രം നല്കിയിട്ടു കാര്യമില്ല എന്നു പറയുന്നതെന്തുകൊണ്ട്?

3. 35–36 വാക്യങ്ങളിൽ പറയുന്ന ആറു കാര്യങ്ങളിൽ അടുത്തിടെ നിങ്ങൾ ചെയ്തത് ഏതൊക്കെയാണ്?

4. ആവശ്യക്കാരെ നാം അവഗണിക്കുമ്പോൾ ആരെയാണ് നാം യഥാർത്ഥത്തിൽ തള്ളിക്കളയുന്നത്?

### ആവർത്തനം 15:7–10

1. കഠിനഹൃദയരാവുക അല്ലങ്കിൽ ലുബ്ധനാവുക എന്നാൽ എന്താണർത്ഥം?

2. ഏതുതരത്തിലുള്ള സേവനമാണ് ദൈവം നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നത്?

3. നിങ്ങളെ ചുറ്റിപ്പറ്റിയുള്ള സാധുക്കളും ദരിദ്രരും ആരൊക്കെയാണ്? നിങ്ങൾക്ക് അവരെപ്രതി എന്തു ചെയ്യാൻ കഴിയും?

മത്തായി 10:10–42
1. ദൈവത്തിനു മറക്കാനാകാത്ത ചെറിയ നന്മപ്രവർത്തികൾ ഏതൊക്കെയാണ്?

2. നമ്മുടെ ആവശ്യങ്ങൾക്കു തികയാത്ത അവസരത്തിൽ പോലും ആവശ്യത്തിലിരിക്കുന്ന മറ്റുള്ളവരെ എപ്രകാരം സഹായിക്കാൻ കഴിയും?

യാക്കോബ് 1:27
1. ദൈവത്തിന്റെ കണ്ണിൽ യഥാർത്ഥ മതം എന്താണ്?

2. ആരോടാണ് ദൈവത്തിനു പ്രത്യേക മമതയുള്ളത്?

പ്രായോഗിക നിർദ്ദേശം: ഇന്നു നിങ്ങൾക്ക് സഹായം നല്കുവാൻ കഴിയുന്നത് ആർക്കാണ്? എത്തിക്കുക. മറ്റു ശിഷ്യരുമായി ഒത്തു ചേർന്ന് കൂട്ടമായി എന്തെങ്കിലും ചെയ്യാൻ കഴിയുന്നതിനെക്കുറിച്ച് ഒരു പദ്ധതിയുണ്ടാക്കുക.

പതിനാലാം ദിവസം: (തീയതി: )

# ഒരു പുതിയ സൃഷ്ടി

2 കൊരിന്ത്യർ 5:17
1. നിങ്ങളിൽ നിന്നും മാറിപ്പോയ ചില പഴയ ഭാഗങ്ങൾ ഏതൊക്കെയാണ്?

2. നിങ്ങൾ ആയിത്തീരുന്ന ചില പുതിയ ഭാഗങ്ങൾ ഏതൊക്കെയാണ്?

മർക്കോസ് 2:21–22
1. നിങ്ങൾ എത്രമാത്രം പുതിയതായിരിക്കണം?

2. കുറച്ചു പുതിയ ശീലങ്ങൾ കൂട്ടിച്ചേർക്കുന്നതും, അകമേനിന്നും മാറിയ ഒരു പുതിയ വ്യക്തിയാകുന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്?

3. നിങ്ങൾ പഴയ ഒരു വീഞ്ഞുതുരുത്തിയാണോ അതോ പുതിയ ഒരു തുരുത്തിയാണോ? എന്തുകൊണ്ട്?

റോമർ 12:2
1. നിങ്ങളുടെ ജീവിതത്തിലെ ലൗകീകമായ കാഴ്ചപ്പാടുകൾക്ക് ചില ഉദാഹരണങ്ങൾ എഴുതുക.

2. ഈ കാഴ്ചപ്പാടുകളെ എപ്രകാരം മാറ്റാം?

എഫേസ്യർ 4:17–5:2
1. പഴയരീതിപ്രകാരമുള്ള നിങ്ങളുടെ ചിന്തകളെയും ജീവിതത്തെയും ദൈവം കണക്കാക്കുന്നതെങ്ങനെയാണ്?

2. നിങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് എപ്രകാരമായിരിക്കാനാണ്? എന്തുകൊണ്ടാണ് നാം പരസ്പരം ക്ഷമിച്ചുകൊണ്ടേയിരിക്കേണ്ടത്?

3. സ്നേഹപൂർണ്ണമായ ഒരു ജീവിതം നയിക്കുക എന്നാൽ എന്താണർത്ഥം?

പ്രായോഗിക നിർദ്ദേശം: നിങ്ങളിൽ കാണുന്ന ലൗകീക മനോഭാവങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കു ശിഷ്യത്വം നല്കുന്നയാളോടു ചോദിച്ചു മനസ്സിലാക്കുക.

പതിനഞ്ചാം ദിവസം: (തീയതി: )

## സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രത്യാശ

### വെളിപാട് 20:11–15

1. അന്തിമവിധി ദിവസത്തെക്കുറ്റ്ച്ച് ചിന്തിച്ചുനോക്കുക. ആരായിരിക്കും വിധി കല്പിക്കാനായി ഉണ്ടാവുക?

2. എന്തു തരത്തിലുള്ള ഒരു മനോവികാരത്തിലൂടെയായിരിക്കും അപ്പോൾ എല്ലാവരും കടന്നു പോവുക?

### വെളിപാട് 21:1–8

1. ആരാണ് ക്രിസ്തുവിന്റെ മണവാട്ടി?

2. സ്വർഗ്ഗത്തെക്കുറിച്ചു വിവരിക്കുക.

3. എട്ടാം വാക്യവുമായി നിങ്ങളെ താരതമ്യം ചെയ്യുക. ഈ പാപങ്ങളിൽ ഏതെങ്കിലും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ?

### വെളിപാട് 22:1–6

1. സ്വർഗ്ഗത്തിൽ മറ്റേതെല്ലാം നിത്യ സന്തോഷങ്ങളാണ് കാണാൻ കഴിയുന്നത്?

2. ഈ വാക്യങ്ങളെല്ലാം വിശ്വാസയോഗ്യവും വാസ്തവവുമാണെന്ന് ദൈവം നമ്മെ അറിയിക്കുന്നത് എന്തുകൊണ്ടാണ്?

### വെളിപാട് 22:14–15

ഈ പാപങ്ങളിൽ ഏതെങ്കിലും നിങ്ങളുടെ ജീവിതത്തിൽ നിലവിലുണ്ടോ?

പ്രായോഗിക നിർദ്ദേശം: സ്വർഗ്ഗത്തിൽ ദൈവം വാഗ്ദാനംചെയ്യുന്ന കാര്യങ്ങളെ ഓർത്തു പ്രാർത്ഥിക്കുക. ഏതെങ്കിലും പാപംഏറ്റുപറയാനും മാറ്റംവരുത്താനുമുണ്ടെങ്കിൽ ഇന്നുതന്നെ അതുചെയ്യുക.

പതിനാറാം ദിവസം: (തീയതി: )

## രക്ഷിക്കാനായി രക്ഷിക്കപ്പെട്ടവർ

### 1 പത്രോസ് 2:9–10

1. ഒരു രാജകീയ പുരോഹിതൻ എന്നാൽ എന്താണ്?

2. നിങ്ങൾ പങ്കുവയ്ക്കേണ്ട സന്ദേശം എന്താണ്?

3. ദൈവസ്തുതികൾ നിങ്ങൾ പ്രഘോഷിക്കുന്നുണ്ടോ, അതോ കുറച്ചു ക്ഷണക്കത്തുകളുടെ വിതരണം മാത്രമാണോ നടക്കുന്നത്?

### 2 കൊരിന്ത്യർ 5:14–21

1. നിങ്ങൾ ജീവിക്കുന്നത് യേശുവിനുവേണ്ടിയാണോ അതോ നിങ്ങൾക്കുവേണ്ടിയാണോ എന്ന് എപ്രകാരം മനസ്സിലാക്കാൻ സാധിക്കും?

2. ക്രിസ്തുവിന്റെ സ്ഥാനപതിയാവുക എന്നാൽ എന്താണ്?

3. ക്രിസ്തുവിനെ നിങ്ങൾ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിക്കുന്ന രീതിയിൽ യേശു പ്രസാദമുള്ളവനായിരിക്കുമോ?

4. മനുഷ്യരോടു അപേക്ഷിക്കുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുക എന്നാൽ എന്താണ്?

5. നഷ്ടപ്പെട്ടവരോടു നിങ്ങൾക്കുണ്ടാകേണ്ട മനോഭാവം എന്താണ്?

അപ്പ 17:16–34

1. എന്താണ് പൗലോസിനെ അസ്വസ്ഥനാക്കിയത്?

2. നിങ്ങളുടെ പട്ടണത്തിലെ ഏതൊക്കെ കാഴ്ചകളാണ് നിങ്ങളിൽ അസ്വസ്ഥത ഉണ്ടാക്കേണ്ടത്?

3. പൗലോസ് എവിടെപ്പോയാണ് തന്റെ വിശ്വാസം പങ്കുവച്ചത്?

4. അവരുടെ മതതീക്ഷ്ണതയെ പ്രശംസിച്ചുകൊണ്ട് പൗലോസ് തന്റെ സന്ദേശം ആരംഭിച്ചതെന്തുകൊണ്ട്?

5. പൗലോസിന്റെ പ്രഘോഷണരീതിയെക്കുറിച്ച് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നത് എന്തൊക്കെയാണ്?

പ്രായോഗിക നിർദ്ദേശം: ഈ വേദഭാഗത്തിൽ നിന്നും ഇവാഞ്ചലിസത്തെക്കുറിച്ച് നിങ്ങൾക്കു പഠിക്കാൻ കഴിഞ്ഞ നാലുകാര്യങ്ങളെങ്കിലും എഴുതുക. ഇക്കാര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ട് വിശ്വാസം പങ്കുവയ്ക്കുവാൻ ശ്രദ്ധിക്കുക.

പതിനേഴാം ദിവസം: (തീയതി: )

## ഇടറിയിരിക്കുന്നോ അതോ മുഴുകിയിരിക്കുന്നോ?

ലൂക്കോസ് 10:38–42

1. എന്തുകൊണ്ടാണ് മാർത്താ പലകാര്യങ്ങളിൽ വ്യാപൃതയായിരുന്നത്?

2. എന്തു വികാരങ്ങളാണ് അവരെ നയിച്ചത്?

3. ഈ ആഴ്ചയിൽ നിങ്ങളെ ഇടറിച്ച ചില കാര്യങ്ങൾ എന്തൊക്കെയാണ്?

4. നിങ്ങൾക്ക് കൂടുതൽ സാമ്യം ആരോടാണ് – മാർത്തായോടോ അതോ മറിയത്തോടോ?

5. മറിയം എന്താണു തിരഞ്ഞെടുത്തത്?

6. എന്തുകൊണ്ടാണ് അതു മികച്ചതാണെന്നു യേശു പറഞ്ഞത്?

ലൂക്കോസ് 8:14

1. ഞെരുക്കുക എന്ന വാക്കിന്റെ അർത്ഥമെന്താണ്?

2. അതിന്റെ ഫലമെന്താണ്?

3. എന്തൊക്കെ ആകുലതകളാണ്/സാമ്പത്തിക പ്രയാസങ്ങളാണ്/ജോലിഭാരങ്ങളാണ്/സുഖകാംക്ഷയാണ് ആത്മീയമായി കൂടുതൽ വളരുന്നതിൽ നിന്നും നിങ്ങളെ തടസ്സപ്പെടുത്തുന്നത്?

ലൂക്കോസ് 12:35–40

1. യേശുവിനു വേണ്ടി ഒരുക്കപ്പെട്ടവരായി ഉണർന്നിരിക്കേണ്ടതിന്റെ ആവശ്യകതയെന്താണ്?

2. നിങ്ങളുടെ ആത്മീയലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് മറ്റുകാര്യങ്ങളിൽ മുഴുകിയിരിക്കുമ്പോൾ യേശുവിന് എന്തു തോന്നലാകും ഉണ്ടാവുക?

പ്രായോഗിക നിർദ്ദേശം: മറ്റു കാര്യങ്ങളിൽ വ്യാപൃതരായിരുന്ന് സമയം പാഴാക്കുന്നവരാണു നിങ്ങൾ എങ്കിൽ ഓരോ ദിവസത്തേക്കുമായി ഒരു സമയക്രമപട്ടിക എഴുതിയുണ്ടാക്കുക. മറ്റുശിഷ്യന്മാരുടെ സഹായം തേടുക.

ഇടർച്ചയുണ്ടാക്കുന്ന കാര്യങ്ങൾ:

പതിനെട്ടാം ദിവസം: (തീയതി: )

# മറ്റുള്ളവരിൽ നിന്നുമുള്ള പഠനം

**മത്തായി 18:1–4**

1. ഏതു തരത്തിലുള്ള ഒരു ഹൃദയമാണ് ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നത്?

2. കുട്ടികളിലെ ഏതുതരം സ്വഭാവഗുണങ്ങളാണ് നാം അനുകരിക്കേണ്ടത്?

**1 തെസ്സലോനിക്യർ 5:12–14**

1. കർത്താവിൽ നിങ്ങളെ ഭരിക്കുന്നവർ ആരാണ്?

2. പ്രായമോ വിദ്യാഭ്യാസ യോഗ്യതകളോ ഇതിനൊരു മാനദണ്ഢമാണോ?

3. നിങ്ങളുടെ ഇടയിൽ കഠിനാധ്വാനം ചെയ്യുകയും നല്ല മാതൃകവയ്ക്കുകയും നിങ്ങളെ ഉപദേശിക്കുകയും ചെയ്യുന്ന ആളുകളുടെ പേരെഴുതുക.

4. അവരോടു നിങ്ങൾ ബഹുമാനം പ്രദർശിപ്പിക്കുന്നുണ്ടോ?

5. വിശേഷാൽ സഹായം ആവശ്യമുള്ള ശിഷ്യന്മാർ ആരൊക്കെയാണ്? (വാക്യം 14)

6. ഇക്കാര്യങ്ങളെപ്രതി നിങ്ങൾക്കും പ്രബോധനം ലഭിച്ചിട്ടുണ്ടോ?

**സങ്കീർത്തനം 119:99–100**

1. മതിയായ പക്വതയും തിരിച്ചറിവും നമുക്കു നല്കുന്നത് എന്താണ്?

2. നൂറാം വാക്യം നമ്മുടെ സമൂഹം ചിന്തിക്കുന്നതിന്റെ വിപരീതമായിരിക്കുന്നത് എപ്രകാരമെല്ലാമാണ്?

3. പ്രായം കുറഞ്ഞ ഒരാളിനാൽ നിങ്ങൾ പ്രബോധിപ്പിക്കപ്പെടുമ്പോഴോ/ശിഷ്യത്വംനല്കപ്പെടുമ്പോഴോ/ തിരുത്തപ്പെടുമ്പോഴോ ഒക്കെ നിങ്ങൾക്കുണ്ടായിരിക്കേണ്ട മനോഭാവമെന്താണ്?

**1 തിമോത്തി 4:11–12**

ഇളപ്പമുള്ള നായകരിൽനിന്നും കർത്താവു പ്രതീക്ഷിക്കുന്നത് എന്തു മനോഭാവമാണ്?

**സങ്കീർത്തനം 32:8–10**

ഒരു കുതിരയേയോ അല്ലങ്കിൽ കോവർകഴുതയേയോ പോലെ നാം ആകുന്നത് എപ്പോഴാണ്?

**പ്രായോഗിക നിർദ്ദേശം:** പ്രായത്തിൽ/ശിഷ്യത്വത്തിൽ ഇളപ്പമുള്ള ശിഷ്യരിൽനിന്നും ശിഷ്യത്വം സ്വീകരിക്കേണ്ടിവരുമ്പോൾ നിങ്ങൾ പ്രതിരോധമനോഭാവം പുലർത്തിയിട്ടുണ്ടെങ്കിൽ മാനസാന്തരപ്പെടുക, അവരിൽ നിന്നും ശിഷ്യത്വം സ്വീകരിക്കുക. പ്രായത്തിൽ ഇളപ്പമുള്ള ഒരാളാണു നിങ്ങളെങ്കിൽ, വിശ്വാസികൾക്ക് ഒരു നല്ല മാതൃകയായി ജീവിക്കുക.

പത്തൊൻപതാം ദിവസം: (തീയതി: )

# ശക്തമായ പ്രാർത്ഥന

**1 ദിനവൃത്താന്തം 17:15–22**

1. പ്രാർത്ഥനാസമയത്ത് ദാവീദിനു ദൈവത്തിനുനേരെയുണ്ടായിരുന്ന മനോവികാരങ്ങൾ എന്തായിരുന്നു? എന്തുകൊണ്ട്?

2. അർഹിക്കപ്പെടാത്ത മാന്യയും അനുഗ്രഹങ്ങളും ദൈവം നിങ്ങളുടെമേൽ ചൊരിഞ്ഞത് ഏതൊക്കെവിധത്തിലാണ്?

3. ഇസ്രായേലിനെ ദൈവം ഏതൊക്കെ രീതിയിൽ അനുഗ്രഹിച്ചു?

4. ഇന്നത്തെ ആളുകൾക്കായി അതിലും വലിയ ഏതൊക്കെ കാര്യങ്ങളാണ് ദൈവം ചെയ്യുന്നത്?

5. ഈ പ്രാർത്ഥനയിൽ ദാവീദ് ദൈവത്തോടു പുലർത്തുന്ന മനോഭാവം എന്താണ്?

ഉല്പത്തി 24:10–27
1. ഈ പ്രാർത്ഥനയ്ക്ക് ദൈവം ധൃതിയിൽ ഉത്തരം നല്കിയത് എന്തുകൊണ്ടാണ്?

2. ദാസന്റെ പ്രാർത്ഥന ലളിതമായിരുന്നു, എങ്കിലും അവന്റെ വിശ്വാസം വലുതായിരുന്നു – എപ്രകാരം ശരിവയ്ക്കാൻ കഴിയും?

3. പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചപ്പോൾ ദാസന്റെ ആദ്യപ്രതികരണമെന്തായിരുന്നു?

4. മറുപടിലഭിച്ച എല്ലാപ്രാർത്ഥനയെയും ഓർത്തു നിങ്ങൾ ദൈവത്തിനു നന്ദിപറയുന്നുണ്ടോ?

യാക്കോബ് 5:15–18
1. പ്രാർത്ഥനയെ ശക്തവും പ്രയോജനപ്രദവുമാക്കുന്നത് എന്താണ്?

2. നിങ്ങളുടെ പ്രാർത്ഥന താത്പര്യത്തോടെയും പരമാർത്ഥതയോടെയും ഉള്ളതാണോ?

3. വലിയ വിശ്വാസത്തോടെയാണോ നിങ്ങളുടെ പ്രാർത്ഥന? നീതിപൂർണ്ണമായാണോ നിങ്ങൾ ഈ ആഴ്ചയിൽ ജീവിച്ചത്?

പ്രായോഗിക നിർദ്ദേശം: വളരെ വിശേഷപ്പെട്ടരീതിയിലാകട്ടെ ഇന്നത്തെ പ്രാർത്ഥന. വിശ്വാസത്തോടെയും നന്ദിയോടുകൂടെയും പ്രാർത്ഥിക്കുക.

ഇരുപതാം ദിവസം: (തീയതി: )

## ലോകത്താൽ പരീക്ഷിക്കപ്പെട്ടത്

സങ്കീർത്തനം 73:1–14
1. തന്റെ ചുറ്റിനുമുണ്ടായിരുന്ന രക്ഷകൈവന്നിട്ടില്ലാത്ത ധനികരെക്കുറിച്ച് ഏഴുത്തുകാരന് എന്തു തോന്നലാണുള്ളത്?

2. ജീവിതം ന്യായമല്ല എന്ന തോന്നൽ സങ്കീർത്തകനുണ്ടായത് എന്തൊക്കെ കാരണങ്ങളാണ്?

3. ലോകത്തിൽ ധനികരായ ആളുകളോട് നിങ്ങൾക്ക് അസൂയ തോന്നിയിട്ടുണ്ടോ?

4. ശിഷ്യനായതിനുശേഷം ഇത്തരം ചിന്തകളിൽ ഉൾപ്പെട്ടിട്ടുണ്ടോ? അതിനെക്കുറിച്ചു തുറന്നു സംസാരിച്ചിട്ടുണ്ടോ?

സങ്കീർത്തനം 73:15–22
1. അവരുടെ അന്ത്യത്തെക്കുറിച്ച് സങ്കീർത്തകൻ തിരിച്ചറിഞ്ഞത് എന്താണ്?

2. ന്യായവിധി ദിവസത്തിൽ അവസാനിക്കുന്ന ഒരു ദിവാസ്വപ്നമായി ഈ കാണുന്ന നല്ലജീവിതം തീരുന്നതെങ്ങനെയാണ്?

3. അവരെനോക്കി അസൂയപ്പെടുമ്പോൾ സങ്കീർത്തകൻ ചിന്തിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?

സങ്കീർത്തനം 73:23–28
1. ദൈവവുമായുള്ള തന്റെ ബന്ധത്തെക്കുറിച്ച് സങ്കീർത്തകൻ തിരിച്ചറിയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

2. 25–26 വാക്യങ്ങൾ മനഃപാഠമാക്കുക

1 യോഹന്നാൻ 2:15–17
1. ലോകത്തിലെ ഏതൊക്കെ കാര്യങ്ങളെയാണ് നിങ്ങൾ വെറുക്കേണ്ടത്?

2. ഇപ്പോഴും നിങ്ങൾക്ക് ആകർഷണം തോന്നുന്ന ലൗകീകകാര്യങ്ങൾ ഏതൊക്കെയാണ്?

പ്രായോഗിക നിർദ്ദേശം: ലോകത്തെക്കുറിച്ചുള്ള നിങ്ങളുടെ തോന്നലുകളെക്കുറിച്ച് നിങ്ങളുടെ ശിഷ്യത്വപങ്കാളിയുമായി പങ്കുവയ്ക്കുക. നിങ്ങൾക്കുണ്ടാകുന്ന പ്രലോഭനങ്ങളെന്തൊക്കെയെന്നു തിരിച്ചറിയുക. അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

തോന്നലുകൾ/പ്രലോഭനങ്ങൾ:

ഇരുപത്തിഒന്നാം ദിവസം: (തീയതി: )

## പീഡനങ്ങളിൽ സന്തോഷം

മത്തായി 5:10–11
1. പീഡനങ്ങളിൽ നാം സന്തോഷം കണ്ടെത്തേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

2. യേശുവിനെപ്രതി ആളുകൾ നിങ്ങളെ അപമാനിക്കുകയോ നിങ്ങളോടു തിന്മപ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടോ?

3. അപ്പോൾ നിങ്ങൾക്ക് എന്തു തോന്നി?

4. ഇതുപോലുള്ള സാഹചര്യങ്ങൾ നേരിട്ട വേറെ ആരെയെങ്കിലും നിങ്ങൾക്ക് അറിയാമോ?

യോഹന്നാൻ 15:18–23
1. മറ്റുള്ളവർ നമ്മോട് ഏതുവിധത്തിൽ പെരുമാറണമെന്നാണ് നാം പ്രതീക്ഷിക്കേണ്ടത്?

2. എന്തുകൊണ്ടാണ് ലോകം നമ്മെ വെറുക്കുന്നത്?

3. നമ്മുടെ ശിഷ്യത്വജീവിതം കാണുമ്പോൾ ലോകത്തിനു കുറ്റബോധം തോന്നുന്നതെന്തുകൊണ്ടാണ്?

അപ്പ 4:13–22
1. പത്രോസിനും യോഹന്നാനും ഇത്രമാത്രം ധൈര്യം പകർന്നുകിട്ടിയത് എവിടെനിന്നാണ്?

2. യേശുവിനെ ആരാധിക്കുന്നതിലോ യേശുവിനെക്കുറിച്ചു പഠിപ്പിക്കുന്നതിലോ പങ്കുവയ്ക്കുന്നതിലോ ആരെങ്കിലും നിങ്ങളെ തടഞ്ഞിട്ടുണ്ടോ?

3. നിങ്ങളുടെ പ്രതികരണം എന്തായിരുന്നു?

അപ്പ 5:17–29
– യേശുവിനെയും അപ്പസ്തോലന്മാരെയും പീഡിപ്പിച്ചത് അസൂയയാലായിരുന്നു (മർക്കോസ് 15:10)
1. എന്തുകൊണ്ടാണ് ആളുകൾ നമ്മെ ദുഷിക്കുകയോ പീഡിപ്പിക്കുകയോ ചെയ്യുന്നത്?

2. എത്തരത്തിലുള്ള ആളുകളാണ് ഈ വകകാര്യങ്ങൾ ചെയ്യുന്നത്?

3. തങ്ങൾ ചെയ്യുന്നതു നിർത്താൻ ആവശ്യപ്പെട്ടപ്പോൾ അപ്പസ്തോലന്മാരുടെ പ്രതികരണം എന്തായിരുന്നു?

അപ്പ 5:40–42
1. അപ്പസ്തോലന്മാരെ സന്തോഷിപ്പിച്ച കാര്യം എന്തായിരുന്നു?

പ്രായോഗിക നിർദ്ദേശം: നാല്പത്തിരണ്ടാം വാക്യം എന്നന്നേയ്ക്കും നിങ്ങളുടെ പ്രേരകവാക്യമാകട്ടെ.

ഇരുപത്തിരണ്ടാം ദിവസം: (തീയതി: )

## നല്കുന്ന ജീവിതം

### യോഹന്നാൻ 13:1–17

1. തന്റെ സ്നേഹത്തിന്റെ പൂർണ്ണത യേശു പ്രകടിപ്പിച്ചത് എപ്രകാരമാണ്?

2. തന്റെ ശിഷ്യന്മാരെ അവൻ പഠിപ്പിക്കാൻ ശ്രമിച്ചത് എന്താണ്?

3. പതിനേഴാം വാക്യം നമുക്കെപ്രകാരം പ്രായോഗികമാക്കാം?

4. വ്യക്തമായ ഉദാഹരണങ്ങൾ താഴെ എഴുതുക:

### അപ്പ 9:36–42

1. തബീത്ത എല്ലാവരുടെയും സ്നേഹഭാജനമായത് എന്തുകൊണ്ടാണ്?

2. അവളുടെ വിശേഷാൽ സുഹൃത്തുക്കൾ ആരൊക്കെയായിരുന്നു?

3. അവർക്കുവേണ്ടി അത്രമാത്രം കാര്യങ്ങൾ ചെയ്യാനുള്ള തബീത്തയുടെ പ്രേരണ എന്തായിരുന്നു?

4. നിങ്ങൾ ഇന്നു മരിക്കുകയാണെങ്കിൽ, നിങ്ങളെ ഓർമ്മിക്കുന്നത് എന്തൊക്കെ കാര്യങ്ങളാലായിരിക്കും?

5. തബീത്തയുടെ ജീവിതത്തിൽ നിന്നും നമുക്കു പഠിക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

### ഫിലിപ്പിയർ 2:19–24

1. മറ്റുള്ളവരിൽനിന്നും തിമോത്തി വ്യത്യസ്തനായത് എന്തുകൊണ്ടാണ്?

2. മറ്റുള്ളവരുടെ കാര്യത്തിൽ തിമോത്തിക്കുള്ള താത്പര്യം യഥാർത്ഥമായതെന്ന് കരുതാൻ കഴിയുന്നതെന്തുകൊണ്ടാണ്?

3. തിമോത്തിയോടു കൂടുതൽ താദാത്മ്യം പ്രാപിപ്പാൻ നിങ്ങൾക്കെങ്ങനെ കഴിയും?

**പ്രായോഗിക നിർദ്ദേശം:** യഥാർത്ഥമായും നിങ്ങൾ കരുതുന്നു എന്ന് വേറെയൊരു ശിഷ്യനെ ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള പ്രായോഗിക വഴികളെക്കുറിച്ചു ചിന്തിക്കുക. ഇന്നുതന്നെ അതു ചെയ്യുക.

ഇരുപത്തിമൂന്നാം ദിവസം: (തീയതി: )

## പാപങ്ങൾ ഏറ്റുപറയൽ

### സങ്കീർത്തനം 32:1–7

1. പാപങ്ങൾ ഏറ്റുപറയാതെ മറച്ചുവയ്ക്കുമ്പോൾ നമുക്കു തോന്നുന്നത് എന്താണ്?

2. സ്നാനത്തിനുശേഷം നിങ്ങൾക്ക് ഇപ്രകാരം തോന്നിയിട്ടുണ്ടോ? ഏറ്റുപറയാൻ ഭയപ്പെടുന്ന ഏതെങ്കിലും പാപം നിങ്ങളിലുണ്ടോ?

### സദൃശവാക്യങ്ങൾ 28:13

1. ദൈവത്തിനുമുന്നിൽ നമ്മുടെ പാപം മറച്ചുവയ്ക്കാൻ കഴിയുമോ?

2. ആരോടാണു നാം പാപം ഏറ്റുപറയേണ്ടത്, ദൈവത്തെക്കൂടാതെ?

3. ഏറ്റുപറയാത്ത പാപം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന അനന്തരഫലങ്ങൾ ഏവയാണ്?

**ലൂക്കോസ് 8:17**
1. നമ്മുടെ പാപങ്ങൾ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാകുന്നത് എന്തുകൊണ്ടാണ്?

**സങ്കീർത്തനം 66:18–19**
1. പാപം മറച്ചുവയ്ക്കുകയോ, പാപത്തിൽ ആനന്ദിക്കുകയോ ചെയ്താൽ എന്താണു സംഭവിക്കുക?

**പ്രായോഗിക നിർദ്ദേശം:** തുറന്നു പറയാത്തതിനാൽ നിങ്ങളെ വിഷമത്തിലാക്കുന്ന പാപങ്ങളെക്കുറിച്ചു ഓർത്തുനോക്കുക - മനോഭാവത്തിലോ, പ്രവർത്തിയിലോ, ചിന്തയിലോ ഉള്ളവ. അവയെ താഴെ ക്കുറിക്കുക, ഇന്നുതന്നെയെങ്കിലും അവ ഏറ്റുപറയുക.

ഇരുപത്തിനാലാം ദിവസം: (തീയതി: )

## കുടുംബത്തിൽ നിന്നുമുള്ള സമ്മർദ്ദം

**മർക്കോസ് 3:20–21**
1. യേശുവിന്റെ കുടുംബം അവനെപ്രതി അസ്വസ്ഥമായത് എന്തിനാലാണ്?

2. ദൈവത്തെ സേവിക്കുന്നതുവഴി നിങ്ങൾ സ്വയം നശിപ്പിക്കുകയാണെന്നു കരുതി നിങ്ങളുടെ കുടുംബ ത്തിലുള്ളവർ നിങ്ങളെ തടയാൻ ശ്രമിച്ചിട്ടുണ്ടോ?

3. യേശു അവരുടെ കൂടെ പോയിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

**യോഹന്നാൻ 7:1–9**
1. യേശുവിന്റെ സ്വന്തം സഹോദരന്മാർ അവനെക്കുറിച്ചു ചിന്തിച്ചത് എന്തായിരുന്നു?

2.തന്റെ കുടുംബത്തിന്റെ ആവശ്യം യേശു അനുസരിച്ചത് എന്തിനുവേണ്ടിയായിരുന്നു?

**മത്തായി 10:37–39**
1. യേശുവിനെ കേൾക്കാതെ, നമ്മുടെ കുടുംബത്തോടു സ്നേഹം കാണിക്കുന്ന വഴികൾ ഏതൊക്കെ യാണ്?

**പ്രായോഗിക നിർദ്ദേശം:** കുടുംബത്തിൽ നിന്നും നിങ്ങൾ നേരിടുന്ന സമ്മർദ്ദങ്ങളെക്കുറിച്ച് വിശ്വാസ സ്ഥിരതയുള്ള ശിഷ്യന്മാരുമായി പങ്കുവയ്ക്കുക. നിങ്ങൾ മാറ്റം വരുത്തേണ്ട എന്തെങ്കിലും കാര്യ മുണ്ടോ?

ഇരുപത്തിഅഞ്ചാം ദിവസം: (തീയതി: )

## തുറന്ന മനോഭാവം

**യോഹന്നാൻ 15:15**
1. യേശു തന്റെ ശിഷ്യന്മാരുമായി പങ്കുവച്ചത് എന്തുകാര്യമാണ്?

2. മറ്റു ശിഷ്യന്മാരുടെ അടുക്കൽ ഇതുപോലുള്ള സൗഹൃദം നിങ്ങൾക്കുണ്ടോ?

3. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് അവർക്ക് എല്ലാം അറിയാമോ?

**2 കൊരിന്ത്യർ 6:11–13**
1. ഹൃദയം തുറന്നുസംസാരിക്കുക എന്നാൽ എന്താണ്?

2. നിങ്ങൾ വഴിനടത്തുന്നവരുടെയടുത്ത് ഹൃദയം തുറന്നു സംസാരിക്കുന്നുണ്ടോ?

3. ആരോടും പങ്കുവയ്ക്കാത്ത നിങ്ങളുടെ ചില ചിന്തകൾ/വികാരങ്ങൾ എന്തൊക്കെയാണ്? എഴുതുക.

സദൃശവാക്യങ്ങൾ 20:5
1. നിങ്ങളെ വഴിനടത്തുന്നവരുടെയടുത്ത് തുറന്നമനോഭാവത്തോടെ സംസാരിക്കുന്നവരാണോ നിങ്ങൾ അതോ അവർക്കു നിങ്ങളെ തുരന്ന് വെളിയിലെടുക്കേണ്ടിവരുന്നുണ്ടോ?

പ്രായോഗിക നിർദ്ദേശം: നിങ്ങൾ ഇതുവരെ പങ്കുവച്ചിട്ടില്ലാത്ത വികാരങ്ങളും പദ്ധതികളും രഹസ്യങ്ങളുമെല്ലാം തുറന്നുപറയാനായി കുറച്ചു സമയം കണ്ടെത്തുക. ഈ ആഴ്ചയിൽ തന്നെ അതു ചെയ്യുക.

(തീയതി: )
# ഇരുപത്തിആറാം ദിവസം: സംശയ നിവാരണം

മത്തായി 11:1-6
1. യേശുവിനെക്കുറിച്ച് ഇത്രമാത്രം അറിയാമായിരുന്നിട്ടും സ്നാപകയോഹന്നാന്റെ മനസ്സിൽ സംശയം ഉയരാൻ കാരണമെന്ത്?

2. തന്റെ സംശയങ്ങളെ എതുരീതിയിലാണ് യോഹന്നാൻ കൈകാര്യം ചെയ്തത്?

3. നിങ്ങളുടെ ഉള്ളിൽ സംശയങ്ങൾ ഉയരുമ്പോൾ നിങ്ങളും ചെയ്യേണ്ടത് എന്താണ്?

മത്തായി 18:16-17
1. ഇതു നിങ്ങളെ അത്ഭുതപ്പെടുത്തുന്നുണ്ടോ? സംശയബാധിതരായ തന്റെ ശിഷ്യന്മാരുടെയടുത്ത് എന്തു ചെയ്യാനാണ് യേശു കല്പിച്ചതെന്നറിയാൻ തുടർന്നു വായിക്കുക.

1 കൊരിന്ത്യർ 15:11-14
1. കൊരിന്തിലെ ശിഷ്യന്മാർക്കുണ്ടായ സംശയം എന്താണ്? ആദ്യം അവർ വിശ്വസിച്ചിരുന്നു, എന്നാൽ പിന്നീട് ചിലരുടെയുള്ളിൽ സംശയം ജനിച്ചു.

2. ആദ്യം വിശ്വസിച്ചിട്ട് പിന്നീട് സംശയം തോന്നിയ ഏതൊക്കെ കാര്യങ്ങളാണ് നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ളത്?

ലൂക്കോസ് 24:36-45
1. സംശയങ്ങളുടെ ഉറവിടം എവിടെയാണെന്നാണു നിങ്ങൾ കരുതുന്നത്?

2. വിശ്വാസം തിരികെ ലഭിക്കാൻ യേശു അവരെ എപ്രകാരമാണു സഹായിച്ചത്?

പ്രായോഗിക നിർദ്ദേശം: തുറന്നു പറയുന്നതിലൂടെയും വചനം ഉപയോഗിക്കുന്നതിലൂടെയും പ്രാർത്ഥനയിലൂടെയും അനുസരണയിലൂടെയും സംശയങ്ങൾ എപ്രകാരം നിവാരണം ചെയ്യപ്പെടുന്നു എന്നെഴുതുക.

ഇരുപത്തിഏഴാം ദിവസം: (തീയതി: )

## വിശ്വസ്തതോടെയിരിക്കാനുള്ള അഭ്യസനം

– ആദ്യമായി, നിങ്ങളുടെ കാഴ്ചപ്പാടിൽ വിശ്വസ്തതയെന്നാൽ എന്താണ്?

### 1 കൊരിന്ത്യർ 13:4–7

1. സ്നേഹം എന്ന വാക്കുപയോഗിക്കുന്നയിടത്തെല്ലാം നിങ്ങളുടെ പേർ പകരം ചേർത്ത് ഈ വേദഭാഗം എഴുതിനോക്കുക. നിങ്ങളുടെ ജീവിതത്തിൽ ഉൾപ്പെട്ടിരിക്കുന്നവരുമായുള്ള ബന്ധങ്ങളെ മനസ്സിൽകണ്ട് അതു വീണ്ടും വായിച്ചുനോക്കുക.

2. മാറ്റം വരുത്തേണ്ടതായി നിങ്ങളിൽ കാണപ്പെടുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

### എഫേസ്യർ 4:29

1. ഏതു തരത്തിലുള്ള സംസാരമാണ് മറ്റുള്ളവരിൽ ക്ഷതമുണ്ടാക്കുന്നത്?

2. ദയയില്ലാത്തതരത്തിലുള്ളതോ, പരദൂഷണപരമായതോ, പരിഹാസ്യരൂപേണയോ ഉള്ള സംസാരത്തിൽ നിങ്ങൾ ഉൾപ്പെടുന്നുണ്ടോ?

### 1 തെസ്സലോനിക്യർ 5:12–15

1. കർത്താവിൽ നിങ്ങളുടെ മേൽ ആയിരിക്കുന്നവർ ആര്?

2. അവരുടെ ജീവിതസാഹചര്യമാണോ ഇതിനുള്ള മാനദണ്ഡം?

3. നിങ്ങളുടെയിടയിൽ കഠിനാധ്വാനം ചെയ്യുന്ന ചിലയാളുകളുടെ പേരെഴുതുക.

4. ഹൃദയത്തിൽനിന്നും അവരെ നിങ്ങൾ ആദരിക്കുന്നുണ്ടോ?

5. ബലഹീനരും പഠിക്കാൻ മിടുക്കരല്ലാത്തവരുമായ ശിഷ്യന്മാരോട് നിങ്ങളുടെ മനോഭാവമെന്താണ്?

**പ്രായോഗിക നിർദ്ദേശം:** നിങ്ങളുടെമേൽ ഉള്ളവരും നിങ്ങൾ ബഹുമാനിക്കുന്നവരുമായ ഒരാൾക്ക് നിങ്ങളുടെ ആദരത്തെ സൂചിപ്പിക്കുന്ന ഒരു കുറിപ്പെഴുതിക്കൊടുക്കുക. ക്ഷമയോടെയുള്ള പ്രചോദനം വേണ്ട ഒരാൾക്കും പ്രോത്സാഹനക്കുറിപ്പെഴുതിക്കൊടുക്കുക.

ഇരുപത്തിഎട്ടാം ദിവസം: (തീയതി: )

## തർക്കവിധേയമാകാവുന്ന വിഷയങ്ങൾ

### റോമർ 14:1–8

1. ഇന്നത്തെക്രിസ്ത്യാനികളുടെ ഇടയിൽ കണ്ടുവരുന്ന തർക്കമുണ്ടായേക്കാവുന്ന വിഷയങ്ങൾ ഏതൊക്കെയാണ്? (വസ്ത്രധാരണം, സംഗീതാഭിരുചി, ഭക്ഷണ-പാനീയങ്ങൾ)

2. നമ്മുടേതിൽനിന്നും വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പുലർത്തുന്നവരോടു നമുക്കുണ്ടാകേണ്ട മനോഭാവമെന്താണ്?

### റോമർ 14:16–23

1. ദൈവം പ്രാധാന്യത്തോടെ കരുതുന്നത് എന്താണ്?

2. മറ്റുള്ളവർക്ക് ഇടർച്ചയായേക്കാവുന്ന എന്തെങ്കിലും നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ?

3. ഇരുപത്തിമൂന്നാം വാക്യത്തിന്റെ അർത്ഥമെന്താണ്?

4. ഇപ്പോഴത്തെ നിങ്ങളുടെ ജീവിതത്തെക്കുറിച്ച് നിങ്ങൾക്കെന്തുതോന്നുന്നു?

1 തിമോത്തി 2:9-10/1 പത്രോസ് 3:3-5
1. ദൈവത്തിനുമുന്നിൽ സ്ത്രീയുടെ സൗന്ദര്യം എന്താണ്?

2. വസ്ത്രധാരണത്തെക്കുറിച്ചും ദൈവീകതയെക്കുറിച്ചും ഈ വചനങ്ങളിൽ കാണുന്ന നിർദ്ദേശങ്ങളെ നിങ്ങളുടെ വാക്കുകളിൽ എഴുതുക.

മത്തായി 11:18-19
1. യേശുവിനെയും സ്നാപകയോഹന്നാനെയും ആളുകൾ വിമർശിച്ചത് എന്തു കാരണത്താലാണ്?

2. രണ്ടുപേരും തമ്മിലുള്ള വ്യത്യാസം വളരെ വലുതായിരുന്നിട്ടും രണ്ടുപേരം ദൈവത്തെ പ്രസാദിപ്പിക്കുവരായിരുന്നു, എന്തുകൊണ്ട്?

പ്രായോഗിക നിർദ്ദേശം: ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് ഉചിതമായരീതിയിലുള്ള പെരുമാറ്റമെന്ത് എന്നകാര്യത്തെക്കുറിച്ചു നിങ്ങൾക്ക് ചോദ്യങ്ങളുണ്ടോ? ഇത്തരം കാര്യങ്ങൾ തർക്കവിഷയങ്ങളാണോയെന്നും അവയെക്കുറിച്ചുണ്ടാകേണ്ട മനോഭവമെന്തെന്നും പക്വതവന്ന ഒരു ശിഷ്യനുമായി സംസാരിച്ച് തീരുമാനത്തിലെത്തുക.

ഇരുപത്തിഒൻപതാം ദിവസം: (തീയതി: )

## യേശു വേഗം വരുന്നു

2 പത്രോസ് 3:3-14
1. ക്രിസ്തുവിന്റെ തിരിച്ചുവരവിനെ ചിലയാളുകൾ പരിഹസിക്കുന്നതെന്തുകൊണ്ട്?

2. കർത്താവിന്റെ ദിവസം ഏതുപോലെയായിരിക്കും?

3. യേശുവിന്റെ തിരിച്ചുവരവ് ഇന്നുതന്നെയായിരിക്കും എന്ന മനോഭാവത്തോടെയാണോ നിങ്ങൾ അനുദിനവും ജീവിക്കുന്നത്?

1 തെസ്സലോനിക്യർ 4:13-18
- 2 പത്രോസ് 3:7-10 ഭാഗവുമായി ഈ വേദഭാഗം താരതമ്യം ചെയ്യുക

1. കർത്താവിനെ എതിരേല്ക്കാൻ ഒരുങ്ങിനില്ക്കാത്തവരെ സംബന്ധിച്ച് രണ്ടാമതൊരു അവസരം ലഭിക്കുമോ?

2. കള്ളന്റെ രാത്രിയിലെ വരവുപോലെയായിരിക്കും ഇതെന്നു പറയാനുള്ള കാരണമെന്താണ്?

3. ജാഗ്രതയോടും ആത്മനിയന്ത്രണത്തോടും കൂടെയിരിക്കണമെന്നു പറയാൻ കാരണമെന്ത്?

2 തിമോത്തി 4:6-8
1. ന്യായവിധിദിവസത്തിൽ കർത്താവിനെ നേരിടുന്നതിനെക്കുറിച്ച് പൗലോസിനു തോന്നുന്നതെന്താണ്?

2. യേശുവിനു വേണ്ടി ജീവിക്കുന്നത് ഒരു നല്ലപോരാട്ടമാണെന്നും ഓട്ടം പൂർത്തിയാക്കലാണെന്നും വിശ്വാസം സംരക്ഷിക്കലാണെന്നും പറയുന്നത് എന്തുകൊണ്ടാണ്?

3. അന്ത്യനാളോളം ഇപ്രകാരം ജീവിക്കുന്നതിന് നാം എത്രമാത്രം പ്രയത്നിക്കേണ്ടിവരും?

പ്രായോഗിക നിർദ്ദേശം: ഓരോദിവസവും അന്ത്യദിവസമാണെന്ന മനോഭാവത്തോടെ ജീവിക്കുക.

മുപ്പതാം ദിവസം: (തീയതി: )

# സ്നേഹത്താൽ ഒരുമിക്കപ്പെട്ടവർ

### സങ്കീർത്തനം 133:1–3

1. ഒത്തൊരുമ എന്നാൽ എന്താണ്? സഭയിൽ ഇതിന്റെ പ്രാധ്യാന്യം എന്താണ്?

### എഫേസ്യർ 4:1–3

1. നിങ്ങളുടേതായ വാക്കുകളിൽ രണ്ടാം വാക്യം എപ്രകാരം വിശദീകരിക്കാം? ഇതിനെതിരായി നാം പ്രവർത്തിക്കുമ്പോൾ എന്തു സംഭവിക്കുന്നു?

2. ഐക്യം നിലനിർത്താനായി എല്ലാവിധത്തിലും നാം പ്രയത്നിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണ്?

### ഫിലിപ്പിയർ 2:1–5

1. ആത്മാവിലും ലക്ഷ്യത്തിലും ഒന്നായിരിക്കുക എന്നതിന്റെ അർത്ഥമെന്താണ്?

2. മറ്റുള്ളവരെ നിങ്ങളെക്കാൾ മികച്ചവരായി എപ്രകാരം പരിഗണിക്കുവാൻ കഴിയും?

3. മറ്റാരുടെ താത്പര്യങ്ങൾക്കാണ് നിങ്ങളുടേതിനേക്കാൾ മുൻതൂക്കം നല്കി നിങ്ങൾ പരിഗണിക്കുന്നത്? യേശുവിന്റെ താത്പര്യങ്ങൾ ഏതുപോലെയായിരുന്നു? നിങ്ങളുടെ മനോഭാവം യേശുവിനെപ്പോലെയാണോ?

### മത്തായി 18:15–17/മത്തായി 5:23–24

1. മറ്റുള്ളവരുമായുണ്ടായേക്കാവുന്ന അഭിപ്രായവ്യത്യാസങ്ങൾ ഏതുവിധത്തിൽ കൈകാര്യം ചെയ്യണമെന്നാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്?

2. ആര് ആരുടെയടുത്തേക്കാണ് ആദ്യം പോകേണ്ടത്?

3. ആരുടെയെങ്കിലും അടുക്കൽ പോയി എന്തെങ്കിലും പ്രശ്നം പരിഹരിക്കേണ്ടതായി നിങ്ങൾക്കുണ്ടോ?

പ്രായോഗിക നിർദ്ദേശം: നിങ്ങളുടെ ബന്ധങ്ങളെക്കുറിച്ചു ചിന്തിച്ചുനോക്കുക. നിങ്ങളുടെ സഹോദരീസഹോദരന്മാരുമായി പരിപൂർണ്ണമായ ഒരു ഐക്യത്തിൽ പോകുവാനായി പ്രാർത്ഥിക്കുക, ബന്ധങ്ങളിൽ യേശുവിന്റെ നിലവാരമില്ലായെന്നു തോന്നുന്നവയിലേക്ക് ഇറങ്ങിച്ചെന്ന് ഐക്യമുണ്ടാക്കുവാൻ പ്രയത്നിക്കുക.

മുപ്പത്തിഒന്നാം ദിവസം: (തീയതി: )

# നിരാശയെ നിരാകരിക്കൽ

– ദൈവത്തിൽ നിന്നും ബൃഹത്തായ ഒരു വിജയം ഏലിയാപ്രവാചകൻ നേടയെടുത്തിട്ട് അധികം സമയമൊന്നും ആയിട്ടില്ല: 450 വ്യാജപ്രവാചകരുടെ നാശം, മൂന്നവർഷത്തെ വരൾച്ചയ്ക്കുശേഷം തന്റെ പ്രാർത്ഥനാഫലമായുണ്ടായ ആദ്യത്തെ മഴ (യാക്കോബ് 5:17–18 നോക്കുക).
– എന്നാൽ ഏലിയാവ് ഭയത്തിന് അടിമപ്പെട്ടതും നിരാശാബാധിതനായതും വളരെ പെട്ടെന്നായിരുന്നു.

### 1 രാജാക്കന്മാർ 19:1–8

1. എന്തുകൊണ്ടാണ് ഏലിയാവിന് ഭാരമേറിയതായി തോന്നിയത്?

2. എല്ലാം ഉപേക്ഷിക്കണമെന്ന തോന്നൽ നിങ്ങളിൽ ഉണ്ടാക്കിയ ചില സന്ദർഭങ്ങൾ ഏതാണ്?

3. ശാരീരികമായും വൈകാരികമായും ആത്മീയമായും അവനെ എപ്രകാരം കർത്താവ് പ്രോത്സാഹിപ്പിച്ചു?

4. നിരാശാബാധിതമായി തോന്നുന്ന സമയങ്ങളിൽ നിങ്ങൾ സാധാരണയായി ചെയ്യാറുള്ളത് എന്താണ്?

5. മുകളിൽ പഠിച്ച മൂന്നു പാഠഭാഗങ്ങളിൽ നിന്നും മനസ്സിലാക്കിയ എന്തൊക്കെ മൂല്യങ്ങൾ ഇനി നിരാശനേരിടുന്ന അവസരങ്ങളിൽ ഉപയോഗിക്കാൻ കഴിയും?

1 രാജാക്കന്മാർ 19:19–21

1. ഏലീശായെപ്പോലെയുള്ള ഒരു ശിഷ്യനെ ലഭിച്ചതിൽ ഏലിയാവിന് എന്തു തോന്നിക്കാണും?

2. ഏലീശായെ നല്കുന്നതിനുമുന്നേ ഏലിയാവ് പ്രവർത്തിപഥത്തിലേക്കു വരുവാനായി ദൈവം കാത്തിരുന്നത് എന്തുകൊണ്ടായിരിക്കും?

പ്രായോഗിക നിർദ്ദേശം: നിരാശയെ നിങ്ങൾ നേരിടുന്നത് ഏതൊക്കെവിധത്തിലാണ്? നിങ്ങൾക്കു പഠിക്കാൻ കഴിഞ്ഞകാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

മുപ്പത്തിരണ്ടാം ദിവസം: (തീയതി: )

## യേശുവിന്റെ കാല്പാടുകളിൽ

1 യോഹന്നാൻ 2:5–6

1. കഴിഞ്ഞകുറേദിവസങ്ങൾ പരിശോധിക്കുക. നിങ്ങൾ യേശുവിനെപ്പോലെയാണോ നടന്നത്?

മർക്കോസ് 1:21–28

1. യേശുവിന്റെ ഉപദേശരീതിയിലുണ്ടായിരുന്ന വ്യത്യാസമെന്തായിരുന്നു?

2. അധികാരമുള്ള ഒരുവനെപ്പോലെയാണോ നിങ്ങളും മറ്റുള്ളവരെ പഠിപ്പിക്കുന്നത്?

മർക്കോസ് 1:29–34

1. തലേനാൾ രാത്രിയിൽ യേശു എത്രവൈകുവോളം ജോലിചെയ്തുകാണുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

2. യേശു ക്ഷീണിതനായിരിക്കുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

3. എന്തുകൊണ്ടാണ് യേശു ഇത്രമാത്രം കഠിനാധ്വാനം ചെയ്യുന്ന ഒരുവനാകുന്നത്?

4. നിങ്ങളെസംബന്ധിച്ച് കഠിനതയേറിയ ഒരു സമയത്തുപോലും മറ്റുള്ളവരെ യേശുവിലേക്കു നയിക്കാൻ താത്പര്യമുള്ള ഒരാളാണോ നിങ്ങൾ?

മർക്കോസ് 1:35–39

1. പിറ്റേന്നുരാവിലെ എത്രനേരത്തേയുണർന്നതെന്ന് നോക്കുക. എന്തുകൊണ്ടാണ് അവൻ ഇതു ചെയ്തത്?

2. യേശു പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കാനുള്ള പ്രചോദനം നിങ്ങൾക്കുണ്ടോ?

മർക്കോസ് 2:13–17

1. ഏതുതരത്തിലുള്ള ആളുകളോടാണ് യേശു കൂട്ടുകൂടിയത്? എന്തുകൊണ്ട്?

2. പാപികളോടും ജാതികളോടും നിങ്ങൾക്കുള്ള മനോഭാവമെന്താണ്?

3. സുവിശേഷം പങ്കുവയ്ക്കാൻ പറ്റുന്നവിധത്തിൽ പുതിയ ആളുകളുമായി നിങ്ങൾ സുഹൃദ്ബന്ധം സ്ഥാപിക്കുന്നുണ്ടോ?

പ്രായോഗിക നിർദ്ദേശം: യേശുവിനെ അനുകരിക്കാൻ സഹായകമായ വിധത്തിൽ ഇന്നത്തെ പാഠഭാഗത്തിൽ നിന്നും പഠിക്കാൻ കഴിഞ്ഞ രണ്ടു കാര്യങ്ങൾ എഴുതിവയ്ക്കുക. അവ പ്രവർത്തിപഥത്തിൽ കൊണ്ടുവരിക.

മുപ്പത്തിമൂന്നാം ദിവസം: (തീയതി: )

## നക്ഷത്രശോഭയോടെ തിളങ്ങുവാൻ

### ഫിലിപ്പിയർ 2:14–16
1. വചനജീവിതം മറ്റുള്ളവർക്കു നേരേ പിടിക്കുവാൻ കഴിയുന്നതെങ്ങനെയാണ്?

2. അവസാനമായി നിങ്ങൾ പിറുപിറുക്കുകയോ തർക്കിക്കുകയോ ചെയ്ത് എന്തു കാര്യത്തിനുവേണ്ടിയാണ്? എങ്ങനെ മാറ്റം വരുത്താനാകും?

### 1 കൊരിന്ത്യർ 9:19–23
1. എല്ലാവരുടെയും ഒരു അടിമയാകാൻ നിങ്ങൾക്ക് ഏതൊക്കെവിധത്തിൽ സാധിക്കും - ഉദാഹരണങ്ങൾ എഴുതുക?

2. നിങ്ങളുടെ ജീവിതത്തിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾ രക്ഷയിലേക്കുവരുവാനായി നിങ്ങൾ വരുത്തേണ്ട ചില മാറ്റങ്ങൾ എന്തൊക്കെയാണ്?

### സങ്കീർത്തനം 126:6
1. ശിഷ്യന്മാരെ ഉണ്ടാക്കാനായി പുറപ്പെട്ടുപോകുമ്പോൾ നാം വിലപിക്കുന്നവർ ആകേണ്ടത് എന്തുകൊണ്ട്?

2. ഇതു ചെയ്യുന്നവർക്കു മുന്നോട്ടുവച്ചിട്ടുള്ള വാഗ്ദാനം എന്താണ്?

### ദാനിയേൽ 12:3
1. നിങ്ങൾ ജ്ഞാനിയായ ഒരാളാണോ?

പ്രായോഗിക നിർദ്ദേശം: ആഴത്തിലുള്ള സ്നേഹത്തോടെ വിശ്വാസം പങ്കുവയ്ക്കാനുള്ള ഒരു ഹൃദയം ഇന്നു നിങ്ങൾണ്ടാകുവാനായി പ്രാർത്ഥിക്കുക.

മുപ്പത്തിനാലാം ദിവസം: (തീയതി: )

## തിരുത്തലുകൾ സ്വീകരിക്കുന്നത്

### ഗലാത്യർ 2:11–16
1. പത്രോസിന്റെ പാപമെന്തായിരുന്നു?

2. എന്തുകൊണ്ടാണ് പൗലോസ് പത്രോസിനെ പരസ്യമായി തിരുത്തിയത്? (1 തിമോത്തി 5:20, മത്തായി 18:5 എന്നീ വചനങ്ങളും കൂടി നോക്കുക)

### 2 കൊരിന്ത്യർ 7:8–13
1. എന്തുകാര്യത്തെസംബന്ധിച്ചാണ് പൗലോസ് കൊരിന്തുസഭക്കാരെ തിരുത്തുന്നത്?

2. തിരുത്തപ്പെടലിനോട് ഏതുരീതിയിൽ നാം പ്രതികരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്?

3. അടുത്തിടെ നിങ്ങളെ ആരെങ്കിലും തിരുത്തിയിട്ടുണ്ടോ?

4. നിങ്ങളുടെ പ്രതികരണം എപ്രകാരമായിരുന്നു?

5. നിങ്ങളുടെ പ്രതികരണം നിങ്ങളെ തിരുത്തിയ ആൾക്ക് പ്രചോദനം നല്കുന്നതായിരുന്നോ?

### ഗലാത്യർ 6:1–5
1. മറ്റുള്ളവരെ സഹായിക്കാൻ നമുക്കുള്ള ബാദ്ധ്യതയെന്ത്?

2. തിരുത്തൽ എടുക്കുന്നതിൽ നിന്നും അഹങ്കാരം നിങ്ങളെ തടസ്സപ്പെടുത്തുന്നത് എപ്രകാരമെല്ലാമാണ്?

3. മറ്റുള്ളവരുമായി നമ്മെ താരതമ്യം ചെയ്യുന്നത് എപ്രകാരമെല്ലാം അപകടം വരുത്തും?

സദൃശവാക്യങ്ങൾ 15:31-32, സദൃശവാക്യങ്ങൾ 16:18
1. ഇതിൽ ഏതുവാക്യത്തോടാണ് നിങ്ങൾക്കു സാമ്യതയുള്ളത്?

പ്രായോഗിക നിർദ്ദേശം: തിരുത്തപ്പെടുന്നതിനോടു നിങ്ങൾക്കുള്ള മനോഭാവം എന്തെന്ന് നിങ്ങൾക്കു ശിഷ്യത്വം നല്കുന്നവ്യക്തിയോടു ചോദിക്കുക. ഇക്കാര്യത്തിൽ നിങ്ങൾ മാനസാന്തരപ്പെടേണ്ട തുണ്ടോ?

ചോദിച്ച വ്യക്തി:
ലഭിച്ച നിർദ്ദേശം:

മുപ്പത്തിഅഞ്ചാം ദിവസം: (തീയതി: )

## നാമത്തിനു യോഗ്യം

1 പത്രോസ് 4:12-19
1. യേശുവിന്റെ പേരിൽ നിങ്ങൾക്കു സഹിക്കേണ്ടിവന്ന അവഹേളനങ്ങളും സഹനങ്ങളും എന്തൊക്കെ യാണ്?

2. അതേക്കുറിച്ചു നിങ്ങൾക്കുണ്ടാകേണ്ട മനോഭാവമെന്താണ്?

3. പീഠനങ്ങളിലൂടെ കടന്നുപോകുമ്പോൾ എന്തുമനോഭാവം നിങ്ങളിലുണ്ടാകണമെന്നാണ് സാത്താൻ നിരൂ പിക്കുന്നത്?

എബ്രായർ 10:32-34
1. ഇതുപോലുള്ള യാതനകൾ നിങ്ങൾക്കു നേരിടേണ്ടി വന്നിട്ടുണ്ടോ?

2. അവഹേളനങ്ങളിലൂടെയും പീഡനങ്ങളിലൂടെയും കടന്നുപോകുന്ന മറ്റു ശിഷ്യന്മാരെ പ്രചോദിപ്പിക്കാൻ നിങ്ങൾ ഏതു വിധത്തിലൂടെയൊക്കെയാണ് ശ്രമിക്കുന്നത്?

എബ്രായർ 11:32-40
1. സിംഹത്തേയോ അഗ്നിയേയോ വാളിനേയോ സൈന്യത്തേയോ ക്രൂരപീഡനത്തേയോ ചാട്ടവാറടിയേയോ കാരാഗൃഹവാസത്തേയോ ചങ്ങലയേയോ നാടുകടത്തപ്പെടലിനേയോ യേശുവിനെപ്രതി നിങ്ങൾക്കു നേരി ടേണ്ടി വന്നിട്ടുണ്ടോ?

2. ഈ ആളുകളോടു ദൈവത്തിനുണ്ടായിരുന്ന പരിഗണന എപ്രകാരമുള്ളതായിരുന്നു?

2 കൊരിന്ത്യർ 11:23-29, റോമാക്കാർ 8:18
1. ഏതു തരത്തിലുള്ള ഒരു ജീവിതമായിരുന്നു ക്രിസ്തുവിനുവേണ്ടി പൗലോസ് ജീവിച്ചത്?

2. തന്റെ സഹനങ്ങളെപ്രതി പൗലോസിനു തോന്നിയതെപ്രകാരമാണ്?

3. ക്രിസ്ത്യാനിയെന്നരീതിയിലുള്ള ജീവിതത്തെപ്രതി നിങ്ങൾ ആനന്ദിക്കുന്നവരാണോ അതോ പിറുപിറു ക്കുന്നവരാണോ?

പ്രായോഗിക നിർദ്ദേശം: ക്രിസ്ത്യാനി എന്ന പേരിനുയോഗ്യമായ ഒരാളാണുനിങ്ങൾ എന്ന് യേശുവിനു പറയാനാകുമോ?

മുപ്പത്തിആറാം ദിവസം: (തീയതി: )

## ഭാവിയും പ്രത്യാശയും

1. നിങ്ങളുടെ ഭാവിയെക്കുറിച്ചു നിങ്ങൾക്ക് ആകുലതയുണ്ടോ?

2. നിങ്ങൾക്കുള്ള പ്രത്യാശ എന്തൊക്കെയാണ്? നിങ്ങളുടെ ഭയങ്ങൾ എന്തൊക്കെയാണ്?

യിരമ്യാവ് 29:11-13
1. തന്നെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുന്നവർക്കു ദൈവം നല്കുന്ന വാഗ്ദാനം എന്താണ്?

2. നിങ്ങൾ അവനെയാണോ അന്വേഷിക്കുന്നത്? അതോ മറ്റെന്തെങ്കിലുമാണോ?

സങ്കീർത്തനം:37:3-4
1. നിങ്ങളുടെ ഹൃദയാഭിലാഷങ്ങൾ എന്തൊക്കെയാണ്? ദൈവം അവയൊക്കെ നിവർത്തിച്ചു തരുമെന്ന വിശ്വാസം നിങ്ങൾക്കുണ്ടോ?

സങ്കീർത്തനം 16:5-8
1. ജീവിതത്തെക്കുറിച്ചു നിങ്ങൾക്കുള്ള തോന്നൽ ഇപ്രകാരമാണോ? എന്തുകൊണ്ട്?

1 തിമോത്തി 6:6-10
1. നിങ്ങളെ തൃപ്തിപ്പെടുത്തേണ്ടത് എന്തായിരിക്കണം?

2. ധനത്തോടും വസ്തുക്കളോടുമുള്ള താത്പര്യം നിങ്ങളുടെ ജീവിതത്തെ എപ്രകാരം സ്വാധീനിക്കും?

3. വിശ്വാസത്തിൽനിന്നും ഒരുവൻ അകന്നുപോകുന്നത് എപ്രകാരമെല്ലാമായിരിക്കും?

4. വേറെ എന്തൊക്കെ ആഗ്രഹങ്ങൾ നമ്മെ അകന്നുപോകാൻ ഇടയാക്കും?

റോമർ 8:31-32
1. ദൈവത്തിനു നിങ്ങളോടുള്ള സ്നേഹം എപ്രകാരമാണ് കാണിച്ചുതന്നത്?

പ്രായോഗിക നിർദ്ദേശം: ആകുലതകളോ സംതൃപ്തിയില്ലായ്മയോ നിങ്ങളുടെ ജീവിതത്തിൽ പ്രകടമാവുകയാണെങ്കിൽ, വിശ്വാസമില്ലായ്മയെന്ന രീതിയിൽ അതിനെ പരിഗണിച്ച് ഏറ്റുപറയുക. ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചു പ്രതിപാദിക്കുന്ന വചനങ്ങൾകൊണ്ട് സ്വയം ബോധ്യം വളർത്തുക.

മുപ്പത്തിഏഴാം ദിവസം: (തീയതി: )

## നല്കുവാനുള്ള കൃപ

ലൂക്കോസ് 21:1-4
1. ഈ വിധവയുടെ മാതൃകയിൽനിന്നും നമുക്കു പഠിക്കാൻ കഴിയുന്നത് എന്തൊക്കെയാണ്?

2. നല്കുന്നകാര്യത്തിൽ പിശുക്കുകാണിക്കാൻ അവൾക്കു ചൂണ്ടിക്കാണിക്കാൻ കഴിയുമായിരുന്ന മൂന്നു കാരണങ്ങളെങ്കിലും എഴുതുക:
1.
2.
3.

1 തിമോത്തി 6:17-19
1. പണം ധാരാളമുള്ള ഒരു വ്യക്തിയായിരുന്നു നിങ്ങൾ എങ്കിൽ നിങ്ങളുടെ ജീവിതരീതി എപ്രകാരമാകുമായിരുന്നു?

2 കൊരിന്ത്യർ 9:6-15
1. ദൈവത്തിനായി കയ്യയച്ചു നല്കാനുള്ള ഒരു തീരുമാനം നിങ്ങൾക്കുണ്ടോ?

2. ആ തീരുമാനം പതിവായി പാലിക്കുന്നുണ്ടോ?

3. സൗജന്യമായി നല്കുന്നവർക്കായി ദൈവം നല്കുന്ന വാഗ്ദാനങ്ങൾ എന്തൊക്കെയാണ്?

4. നിങ്ങളുടെ ദാനം നിങ്ങൾക്കും ദൈവത്തിനും മറ്റുള്ളവർക്കും എപ്രകാരം പ്രയോജനപ്രദമായിത്തീരുന്നു?

പ്രായോഗിക നിർദ്ദേശം: നിങ്ങളുടെ സാമ്പത്തികദാനങ്ങൾ വിശ്വസ്തതയോടും ഉദാരമനസ്സോടും കൂടി യല്ലെങ്കിൽ ദൈവവാഗ്ദത്തങ്ങളെ മാനിച്ചുകൊണ്ട് അതു തിരുത്തുമെന്നു തീരുമാനിക്കുക.

തീരുമാനം:

തീയതി:
ഒപ്പ്:

മുപ്പത്തിഎട്ടാം ദിവസം: (തീയതി: )

## പോയി ശിഷ്യന്മാരെ ഉണ്ടാക്കുക

2 തിമോത്തി 2:1–7
– മത്തായി 28:19–20 വാക്യങ്ങളുമായി രണ്ടാം വാക്യത്തെ താരതമ്യം ചെയ്യുക.
1. ലോകംമുഴുവൻ സുവിശേഷവല്ക്കരിക്കുവാനായി ക്രിസ്തു ആവിഷ്കരിച്ച പദ്ധതി എന്തായിരുന്നു?

2. വിശ്വാസയോഗ്യനായ ഒരു ശിഷ്യൻ എപ്രകാരമുള്ളയാളായിരിക്കും? നിങ്ങൾ അത്തരത്തിൽ ഒരാളാണോ? പ്രത്യേകിച്ച് കൂടിക്കാഴ്ചസമയങ്ങൾ പാലിക്കുന്നതിലും, സമയനിഷ്ഠ പാലിക്കുന്നതിലും, നിർദ്ദേശങ്ങൾ പാലിക്കുന്നതിലുമൊക്കെ?

3. പടയാളിയുടെയും ഓട്ടക്കാരന്റെയും കർഷകന്റെയുമൊക്കെ മാതൃകകൾ നിങ്ങളുടെ ജീവിതത്തിൽ ഏതു വിധേന പ്രാവർത്തികമാക്കാൻ കഴിയും? കഴിവതും വസ്തുനിഷ്ടമായി എഴുതുക.

4. മറ്റുള്ളവരെ പഠിപ്പിക്കുന്ന ചുമതലയിലേക്ക് നിങ്ങളെ തിരഞ്ഞെടുക്കാൻ പൗലോസോ തിമോത്തിയോ മറ്റോ മുതിരുമായിരുന്നോ? എന്തുകൊണ്ട്?

1 കൊരിന്ത്യർ 9:24–27
1. ക്രിസ്തീയ ജീവിതത്തെ ഒരു ഓട്ടമത്സരത്തോടു തുലനം ചെയ്യുന്നത് എന്തുകൊണ്ടാണ്?

2. സ്വന്തം ശരീരത്തെ മെരുക്കി പരിശീലിക്കാത്ത ഒരു ഓട്ടക്കാരന് എന്തു സംഭവിക്കും?

3. ഒരു ശിഷ്യനെന്ന നിലയിൽ മതിയായത്ര പരിശീലനവും ശിക്ഷണവും സ്വീകരിക്കുന്നില്ലെങ്കിൽ നിങ്ങൾക്കെന്തു സംഭവിക്കും?

പ്രായോഗിക നിർദ്ദേശം: പ്രാർത്ഥനയിലും ബൈബിൾ പഠനത്തിലും വിശ്വാസം പങ്കുവയ്ക്കുന്നതിലും സമയം ശരിയായവിധത്തിൽ ഉപയോഗിക്കുന്നതിലും മറ്റും നിങ്ങൾ കൂടുതൽ ശിക്ഷണം പുലർത്തേണ്ട വഴികൾ എഴുതുക. നിങ്ങളെ വഴിനടത്തുന്നവരുടെയടുത്ത് ഇക്കാര്യങ്ങൾ പങ്കുവ യ്ക്കുക.

മുപ്പത്തിഒൻപതാം ദിവസം: (തീയതി: )

## വിശ്വാസമാണു വിജയം

മർക്കോസ് 2:1–12
1. യേശുവിനെ കാണാനുള്ള ദൃഢനിശ്ചയം ഇയാൾക്കുണ്ടായിരുന്നത് എന്തുകൊണ്ട്?

2. തന്റെ ഉദ്യമത്തിൽനിന്നും അവനെ പിന്തിരിക്കാൻ കഴിയുമായിരുന്ന മൂന്ന് ഒഴികഴിവുകൾ എങ്കിലും എഴുതുക:

3. ഇയാളെസംബന്ധിച്ചുള്ള എന്തുകാര്യമാണ് യേശുവിനെ അമ്പരപ്പിച്ചത്?

4. ഏതൊക്കെരീതിയിൽ നിങ്ങൾക്ക് ഇയാളെ അനുകരിക്കാൻ കഴിയും?

മർക്കോസ് 5:21–43
1. യായിറോസിലും ഈ സ്ത്രീയിലും പൊതുവായി കാണപ്പെടുന്ന കാര്യമെന്താണ്?

2. രണ്ടുപേരെയും സഹായിക്കാൻ യേശുവിനു കഴിഞ്ഞതെന്തുകൊണ്ടാണ്?

3. നമ്മുടെ ആവശ്യങ്ങളിൽ യേശുവിനെ പൂർണ്ണമായും ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയെന്താണ്?

4. മതിയായത്ര രീതിയിൽ ദൈവത്തെ ആശ്രയിക്കുന്നില്ലയെന്നു നിങ്ങൾക്കു തോന്നുന്ന മേഘലകൾ എന്തൊക്കെയാണ്?

5. സഹായത്തിനായി മറ്റെന്തെങ്കിലും ഉറവിടത്തിലേക്കു നിങ്ങൾ തിരിഞ്ഞിട്ടുണ്ടോ?

മർക്കോസ് 6:1–6
1. വ്യത്യസ്തമായ രീതിയിൽ ഇവിടെ കാണുന്നതെന്താണ്? എന്തുകൊണ്ട്?

2. നിങ്ങളുടെ വിശ്വാസമാണോ അതോ വിശ്വാസരാഹിത്യമാണോ ഇന്ന് യേശുവിനെ അമ്പരപ്പിക്കുന്നത്?

എബ്രായർ 11:5–6
1. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല എന്നു പറയുന്നത് എന്തുകൊണ്ടായിരിക്കും?

പ്രായോഗിക നിർദ്ദേശം: ദൈവത്തിൽനിന്നും വളരെയധികം സഹായം ആവശ്യമുള്ള എന്തൊക്കെ കാര്യങ്ങളാണ് നിങ്ങളുടെ ജീവിതത്തിൽ അല്ലെങ്കിൽ നിങ്ങൾക്കു പരിചയമുള്ളയാളുകളുടെ ജീവിതത്തിൽ ഉള്ളത്? ഒരു പ്രാർത്ഥനാപട്ടിക തയ്യാറാക്കി മടുത്തുപോകാതെ പ്രാർത്ഥിക്കുക!!!

നാല്പതാം ദിവസം: (തീയതി: )

## നല്ല ഹൃദയം, നല്ല പ്രവർത്തികൾ, നന്മകൾ

ലൂക്കോസ് 8:15
1. ഇവിടെ പ്രതിപാദിക്കുന്നതുപോലെയുള്ള ഒരു ഹൃദയമാണോ നിങ്ങളുടേത്?

2. നിങ്ങളുടെ ജീവിതം ഉത്പാദിപ്പിക്കുന്നത് എന്തൊക്കെയാണ്?

ഫിലെമോൻ 4–7
1. ഫിലെമോന്റെ ഹൃദയനന്മയെകാണിക്കുന്ന മൂന്നു കാര്യങ്ങൾ എന്തൊക്കെയാണ്?

2 പത്രോസ് 1:5–11

1. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ വളർന്നുകൊണ്ടിരിക്കാനായി നിങ്ങൾ ചെയ്യേണ്ടത് എന്താണ്?

2. നന്മ, സ്ഥിരോത്സാഹം, സഹോദരസ്നേഹം എന്നിവയെ നിർവചിക്കുക

3. വളർച്ച നിലച്ചാൽ നിങ്ങൾക്ക് എന്തു സംഭവിക്കും?

4. പത്താം വാക്യത്തിന്റെ അർത്ഥമെന്താണ്?

3 യോഹന്നാൻ 2–6

1. ഒരു ആത്മീയ സഹോദരനോ സഹോദരിയോ നിങ്ങളെ സന്ദർശിച്ചാൽ അവർ നിങ്ങളെക്കുറിച്ചു നല്കുന്ന വിവരണം എപ്രകാരമുള്ളതായിരിക്കും?

2. ഇന്നുവരെയുള്ള ക്രിസ്തുവിലെ നിങ്ങളുടെ ജീവിതത്തെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

3. നിങ്ങൾ വളരുന്നുണ്ടോ?

4. നിങ്ങൾക്കു സഹായം വേണ്ട മേഘലകൾ ഏതൊക്കെയാണ്?

പ്രായോഗിക നിർദ്ദേശം: ഈ പാഠഭാഗങ്ങൾ ഇന്നു പൂർണ്ണമാകുന്നു. ഇനി അടുത്ത പഠനവിഷയമെന്താണെന്ന കാര്യത്തിൽ ഒരു പദ്ധതിയും വ്യക്തതയുമുണ്ടാക്കുക. നിങ്ങളുടെ പഠനക്കുറിപ്പുകൾ നിങ്ങളെ വഴിനടത്തുന്നവരുമായി പങ്കുവയ്ക്കുക.

വളരുക!

കഴിഞ്ഞ നാല്പതു നാളുകളിൽ നിങ്ങൾക്കു മാറ്റം വരുത്താൻ കഴിഞ്ഞ കാര്യങ്ങൾ ചുവടെ കുറിച്ചിടുക. മാറ്റം വരുത്താനായി കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ട കാര്യങ്ങളും കുറിക്കുക: